# സിന്ദൂരമഞ്ജരി

അഷ്ടവൈദ്യൻ
പഴനെല്ലിപ്പുറത്ത് തൈക്കാട്ട്
നാരായണൻമൂസ്സ്.

# സിന്ദൂരമഞ്ജരി

# സിന്ദൂരമഞ്ജരി


പഴനെല്ലിപ്പുറത്ത് (തൃശൂർ)
തൈക്കാട്ട് നാരായണൻ മൂസ്സ്

---

എസ്. എൻ. എ. പബ്ലിക്കേഷൻസ്
തൃശ്ശൂർ – 5
വില : 15 ക.

**ഗ്രന്ഥകർത്താവിന്റെ കൃതികൾ :**

1. സിന്ദൂരമഞ്ജരി
2. പുഷ്പബാണവിലാസം (സംസ്കൃതകാവ്യം)
3. യാദവദാനവീയം ( '' )
4. കപോതസന്ദേശം (കാവ്യം)
5. നളചരിതം ( '' )
6. ശൃംഗാരമഞ്ജരി (ഭാണം)
7. വിരാധവധം (ആട്ടക്കഥ)
8. അത്തച്ചമയം (കുറത്തിപ്പാട്ട്)
9. സംബന്ധവിലാസം (തുള്ളൽ)
10. കവിതാവലി



പഴനെല്ലിപ്പുറത്ത് (തൃശൂർ)
തൈക്കാട്ട് നാരായണൻ മൂസ്സ്

# ആമുഖം

ഭാരതത്തിലുടനീളം പ്രയോഗിച്ചുവരുന്ന ആയുർവേദ വൈദ്യ ശാസ്ത്രത്തിനു് കേരളത്തിൻെറ തനിമ കൂടി നൽകാൻ ഇവിടുത്തെ വൈദ്യന്മാർക്കു് സാധിച്ചിട്ടുണ്ടു്. കേരളത്തിൽ വേദാധികാരിക ളായ നമ്പൂതിരിമാരുടെ അനേകം ഗ്രാമങ്ങഠം ഉണ്ടായിരുന്നുവെന്നും ഇവക്കു് പതിനെട്ടു സഭാമഠങ്ങളുണ്ടായിരുന്നുവെന്നും പറയുന്നു. ഈ വൈദികസഭാമഠങ്ങളോടു ബന്ധപ്പെട്ടു കഴിയുന്നവർക്കു് ചികിത്സാസംബന്ധമായ ആവശ്യങ്ങഠം നിറവേററാൻ വേണ്ടി നിയോഗിക്കപ്പെട്ട പതിനെട്ടു കുടുംബക്കാരാണു് അഷ്ടവൈദ്യന്മാർ. ഇന്നു് അവയിൽ പല കുടുംബങ്ങളും അന്യംനിന്നു പോയിരിക്കുന്നു. വാഗ്ഭടകൃതികളാണു് ഇവർ പ്രമാണമായി അംഗീകരിച്ചിട്ടുള്ളതു്. ശസ്ത്രക്രിയകളടക്കം എട്ടു് അംഗങ്ങളിലും പ്രവീണരായിരുന്നതു കൊണ്ടു് ഇവർക്കു് ബ്രാഹ്മണരിൽനിന്നു പതിത്വം കല്പിച്ചിട്ടുണ്ടു്. പഴനെല്ലിപ്പുറത്തു് തൈക്കാട്ടു് ഇല്ലം ഇതിലെ ഒരു അഷ്ടവൈദ്യ കുടുംബമാണു്.

അഷ്ടവൈദ്യന്മാരുടേതായി ധാരാളം കൃതികഠം ആയുർവേദ ത്തിലുണ്ടു്. പുലാമന്തോഠം മൂസ്സിൻെറ കൈരളി, ലളിത എന്നീ വ്യാഖ്യാനങ്ങഠം, ചികിത്സാമഞ്ജരി, ആലത്തിയൂർ നമ്പിയുടെ ആലത്തൂർ മണിപ്രവാളം, പഴനെല്ലിപ്പുറത്തു് തൈക്കാട്ടു മൂസ്സിൻെറ സിന്ദൂരമഞ്ജരി എന്നിവ പ്രസിദ്ധങ്ങളാണു്.

കൊല്ലവർഷം പതിനൊന്നാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ എഴുതപ്പെട്ട സിന്ദൂരമഞ്ജരി 1106-ൽ പള്ളത്തു് ഇക്കോരൻ കൃഷ്ണൻ തൃശ്ശിവപേരൂർ കേരളചിന്താമണി അച്ചുകൂടത്തിൽ അച്ചടിപ്പിച്ചി ട്ടുണ്ടു്. ഇതിൻെറ കോപ്പി ഇന്നു ലഭ്യമല്ലാത്തതുകൊണ്ടു് പുനഃപ്രസാ ധനത്തിൻെറ ആവശ്യം വന്നിരിയ്ക്കയാണു്. സസ്യൗഷധങ്ങഠം ദുർലഭമായ ഇക്കാലത്തു് രസൗഷധ നിർമ്മാണചികിത്സകഠം കൂടുതൽ

അംഗീകരിക്കപ്പെട്ടുവരികയാണ്. പ്രായോഗികമായി ഫലസിദ്ധി ഉറപ്പുവരുത്തിയ ആറു സിന്ദൂരങ്ങളും ശുദ്ധിക്രമങ്ങളും അടങ്ങുന്ന ഈ ഗ്രന്ഥം ചികിത്സകർക്കും വിദ്യാർത്ഥികൾക്കും ഉപകരിക്കും എന്നു് ഞങ്ങൾക്കുറപ്പുണ്ടു്.

മൂസ്സിന്റെ പല കൃതികളും ഇന്നു ലഭ്യമല്ല. ലഭ്യമായ ഒരു അപൂർണ്ണ കൃതിയായ പുഷ്പബാണവിലാസം ചരിത്രപരമായ പ്രാധാന്യം കണക്കിലെടുത്തു് അനുബന്ധമായി ചേർത്തിരിക്കുന്നു.

—പ്രസാധകർ

## ഉള്ളടക്കം


അവതാരിക

സിന്ദൂരങ്ങൾ

1. അയസ്കാന്തസിന്ദൂരം
   - അയസ്കാന്ത ശുദ്ധിക്രമം
   - പുടപാക വിധി
   - സേവാവിധി
2. അഭ്രസിന്ദൂരം
   - അഭ്രശുദ്ധിക്രമം
   - പുടപാകവിധി
   - സേവാവിധി
   - പഞ്ചരത്നാഭ്ര സിന്ദൂരം
3. വങ്കസിന്ദൂരം
   - വങ്കശുദ്ധിക്രമം
   - പുടപാകവിധി
   - സേവാവിധി
4. ലോഹസിന്ദൂരം
   - ലോഹശുദ്ധിക്രമം
   - പുടപാകവിധി
   - സേവാവിധി
5. താമ്രസിന്ദൂരം
   - താമ്രശുദ്ധിക്രമം
   - പുടപാകവിധി
   - സേവാവിധി

ഇക്കാലത്ത് ആയുർവേദ കേളേജുകളിൽ പ്രത്യേകിച്ചൊരു പരിക്ഷാവിഷയമായി സിദ്ധവൈദ്യം (രസതന്ത്രം) പഠിപ്പിയ്ക്കപ്പെടുന്നുണ്ട്. ധാരാളം രസൗഷധങ്ങൾ മററ് ഔഷധങ്ങളെന്ന പോലെ വാങ്ങാനും കിട്ടുന്നുണ്ട്. ആ നിലയ്ക്ക് ചികിത്സയിൽ ധാരാളം ഉപയോഗിക്കപ്പെട്ടും തുടങ്ങിയിരിയ്ക്കുന്നു. കേരളത്തിൽ കാലാവസ്ഥയുടേയും ഭൂപ്രകൃതിയുടേയും സവിശേഷതകൊണ്ട് ഔഷധോപയോഗികളായ വൃക്ഷങ്ങളും ലതകളും സസ്യങ്ങളും ധാരാളമായി വളരുന്നതുകൊണ്ടും, വാഗ്ഭട പാരമ്പര്യ പ്രകാരമുള്ള അഷ്ടാംഗഹൃദയസമ്പ്രദായമനുസരിച്ചുള്ള ചികിത്സ പ്രാചീനകാലം മുതലേ പ്രചരിച്ചിരുന്നതു കൊണ്ടുമാകാം സിദ്ധവൈദ്യത്തിന് സാമാന്യമായ പ്രചാരം ഉണ്ടാകാതിരുന്നത്. കാടൊക്കെ നാടായി തീരുന്ന കാലത്ത് പഴമ പ്രകാരമുള്ള ഔഷധനിർമ്മാണം ബുദ്ധിമുട്ടേറിയതായതിൽ അത്ഭുതത്തിന് അവകാശമില്ല. അതുകൊണ്ട് ആവശ്യത്തിന് രസൗഷധവും കൂടി ഔചിത്യം പോലെ വ്യാധി വിപരീതമായി ഉപയോഗിയ്ക്കുക എന്ന സമ്പ്രദായം പ്രചാരത്തിൽവന്നു കൊണ്ടിരിയ്ക്കുന്നു. ആ സാഹചര്യത്തിൽ ആ വിഷയത്തിൽ വിശേഷ വൈദ്യത്തിന് പ്രയോജനപ്പെടുന്ന സിന്ദൂരമഞ്ജരിയുടെ പുനഃപ്രസാധനം തികച്ചും ഉചിതമാണെന്നതിന് സംശയമില്ല. ആ കർത്തവ്യം അഭിമാനപൂർവമായി ഏറെറടുത്ത ഗ്രന്ഥകർത്താവിൻെറ കുടുംബത്തിലെ ഇപ്പോഴത്തെ അംഗങ്ങൾ പ്രത്യേകിച്ചും അഭിനന്ദനമർഹിക്കുന്നു.

അഷ്ടവൈദ്യൻ വൈദ്യമഠം അച്ഛൻ നമ്പൂതിരിയുടെ ജന്മശതാബ്ദി സ്മരണികയിൽ പഴനെല്ലിപ്പുറത്ത് തൈയ്ക്കാട്ടെ ഇപ്പോഴത്തെ കാരണവരായ ബ്രഹ്മശ്രീ പി. ടി. നാരായണൻ മൂസ്സ് എഴുതിയിട്ടുള്ള കുടുംബചരിത്രത്തിൻെറ

സംക്ഷേപം അദ്ദേഹത്തിൻെറ വാക്കുകളിൽ തന്നെ പക ൎത്തുന്നത് ഗ്രന്ഥകൎത്താവിൻേറയും ഗ്രന്ഥരചനയുടേയും പശ്ചാത്തലത്തെക്കുറിച്ചുള്ള സാമാന്യമായ ജ്ഞാനം ഉണ്ടാവുന്നതിന് സഹായിയ്ക്കാതിരിയ്ക്കയില്ല.

## പഴനെല്ലിപ്പുറത്ത് (തൃശൂർ) തൈയ്ക്കാട്ട് മൂസ്സ്

മലബാറിൽ കുററിപ്പുറത്തിനും പള്ളിപ്പുറത്തിനും ഇടയ്ക്കായിരുന്ന പുരാതനമായ തറവാട്ടില്ലം. ഇന്നും ആദിക്കുകാർ മൂസ്സിൻെറ ഇല്ലപ്പറമ്പിനെ കണ്ടോൎമ്മിക്കുന്നു. കൊച്ചിയിൽ ശക്തൻ തമ്പുരാൻെറ ഭരണം നടന്നിരുന്ന കാലത്ത് അദ്ദേഹത്തിൻെറ ആവശ്യപ്രകാരം അന്നത്തെ കാരണവർ മൂസ്സ് ചികിത്സാൎത്ഥം തമ്പുരാൻെറ കോവിലകത്തേയ്ക്ക് പോവുകയുണ്ടായി. പ്രസ്തുത ഗൃഹക്കാർ സാമൂതിരിയുടേയും വൈദ്യന്മാരായിരുന്നു. താമസിയ്ക്കുന്ന ഇല്ലവും വസ്തുവഹകളും സാമൂതിരി രാജാവിൻെറ പരിധിയ്ക്കുള്ളിലായിരുന്നു. പള്ളിപ്പുറത്തിന് അടുത്ത് സാമൂതിരിയ്ക്ക് ചെറിയൊരു കൊട്ടാരം തന്നെയുണ്ടായിരുന്നു. കൊച്ചിയിൽ ചികിത്സ നിശ്ചയിയ്ക്കുവാൻ നിമന്ത്രിതനായിപ്പോയി മടങ്ങിവന്ന മൂസ്സിനെ സാമൂതിരി ആളയച്ചുവരുത്തുകയും ആ പോക്കാൽ അദ്ദേഹത്തിനുള്ള രസക്ഷയം സൂചിപ്പിയ്ക്കുകയുമുണ്ടായി. സാമൂതിരിയും കൊച്ചി രാജാവും തമ്മിൽ സ്വരച്ചേൎച്ച ഇല്ലാതിരുന്ന ഒരവസരമായിരുന്നു അക്കാലം. തൻെറ കുലത്തൊഴിലിൽ സത്യനിഷ്ഠനായ മൂസ്സ് സമുചിതം മറുപടി പറഞ്ഞത് സാമൂതിരിയ്ക്ക് അശേഷം രുചിച്ചില്ല. അദ്ദേഹം അധികാരസ്വരത്തിൽ തന്നെ മൂസ്സിനോട് കയൎത്തു സംസാരിച്ചു. എന്തിനധികം പറയുന്നു, ഒരു നിറഞ്ഞ സന്ധ്യയ്ക്ക് സാമൂതിരിയുടെ കിങ്കരന്മാർ ഇല്ലത്ത് എത്തുകയും

അധികാരമുപയോഗിച്ച് അവിടെയുള്ളവരെയെല്ലാം പുറത്താക്കുകയും ചെയ്തു. സ്വത്തൊന്നും എടുക്കാനനുവദിച്ചില്ലെന്ന് മാത്രമല്ല വെച്ച ചോറ് ഉണ്ണാൻ കൂടി സമ്മതിച്ചില്ല. അങ്ങനെ ഇരുട്ടിത്തുടങ്ങിയ വേളയിൽ ഗൃഹനാഥനായ മൂസ്സും പത്നിയും ബാലികയായ മകളും ഒരു ദാസിയും (കാരപ്പുറത്തെ വീട്ടിലെ ഒരു സ്ത്രീ–ആ വീട്ടുകാർ ഇന്നും ഇല്ലത്തിനടുത്തുതന്നെ താമസിയ്ക്കുന്നു.) കൂടി എങ്ങോട്ടെന്നില്ലാതെ ഇറങ്ങിപ്പുറപ്പെട്ടു. ഈ തിരക്കിൽ അവിടെ ഇല്ലത്ത് അകത്തുവെച്ച് പൂജിച്ചിരുന്ന വേട്ടക്കാരൻെറ പഞ്ചലോഹനിർമ്മിതമായ ചെറിയ ദിവ്യവിഗ്രഹം ആരുമറിയാതെ ഗൃഹനാഥൻ കൈയിൽ കരുതിയിരുന്നു. വഴി കുറച്ച് വിഷമിച്ചു പോന്നവാറേ അന്ധകാരത്തിന് കട്ടികൂടിയപ്പോഠം ഇനിയെന്തു ചെയ്യണമെന്നും എങ്ങോട്ടു പോകണമെന്നും രൂപമില്ലാതെ പരിഭ്രമിച്ചുഴലുന്ന അവക്കുമുമ്പിൽ ഒരു ദീപം കാണുമാറായി.

അവരെ മുമ്പോട്ടു നേർവഴിയ്ക്ക് നയിയ്ക്കുവാൻ പാകത്തിൽ വിളക്കുമായി ഒരു സന്യാസി അടുത്തെത്തിയതാണ് വ്യക്തമായതു്. വിസ്തരിയ്ക്കുന്നില്ല. ഏകദേശം രാത്രി മുഴുവൻ നടന്ന അവർ ഇന്നത്തെ തൃശ്ശൂർ നഗരഭാഗത്തെത്തി. മാർഗ്ഗദർശിയായ സന്യാസിയാകട്ടെ ഇവരെ പാറമേക്കാവിൽ അഗ്രശാലയിൽ കൊണ്ടുപോയിരുത്തി ഒട്ടും വിഷമിയ്ക്കേണ്ടെന്നും ഇനി നിങ്ങഠംക്ക് വേണ്ടതെല്ലാം ഉടൻ ലഭിയ്ക്കും എന്നും പറഞ്ഞിരിയ്ക്കെ അപ്രത്യക്ഷനായി. നേരം പ്രഭാതമായി. മൂസ്സിനെ നല്ലപോലെ അറിയുന്ന ചില നമ്പൂതിരിമാർ മുമ്പിൽപ്പെട്ടു. അവർ അറിയിച്ചിട്ടോ എന്തോ, അന്ന് വലിയ കോവിലകത്തുണ്ടായിരുന്ന ശക്തൻതമ്പുരാൻ വിവരം സമഗ്രമായി ഗ്രഹിച്ചു. മൂസ്സിനെ വരുത്തി സമാധാനിപ്പിയ്ക്കുകയും അവർക്ക് തൽ

ക്കാല സൗകര്യങ്ങരം കണ്ടറിഞ്ഞ് കല്പിച്ചേർപ്പെടുത്തുകയും ചെയ്തു. പിന്നീട് തമ്പുരാൻെറ നിർദ്ദേശപ്രകാരം ഇപ്പോരം താമസിയ്ക്കുന്ന കിഴക്കുമ്പാട്ടുകരയിലുള്ള ഇല്ലപ്പറമ്പിൽ പുതുതായി ഗൃഹം നിർമ്മിച്ചു. അതിനടുത്ത് കിഴക്കെ പാടവും കരമൊഴിവായി കല്പിച്ചു കൊടുത്തു. താമസിയാതെ അക്കാലം പിൻതുടർച്ചക്കാരില്ലാതെ കിടന്നിരുന്ന അഷ്ട വൈദ്യകുടുംബമായ പറപ്പൂർ മൂസ്സിൻെറ സ്വത്തുക്കളും ക്ഷേത്രവും ഇവർക്കായി വിട്ടുകൊടുത്തു. ഇന്നും വടക്കുന്നാഥക്ഷേത്രത്തിൽ ഉദയാസ്തമനം അപ്പംനിവേദ്യം ഗണപതിയ്ക്ക് നടത്തുമ്പോരം പത്തപ്പം ഇവിടേയ്ക്കനുവദിച്ചിട്ടുണ്ട്. ആയത് പറപ്പൂർ മൂസ്സിൻെറ അവകാശം ഇങ്ങോട്ടായതിൻെറ പേരിലാണ് വന്നുചേർന്നതു്. മൂസ്സിൻെറ അവകാശം ദേവസ്വത്തിൽ ചെമ്പോലയിൽ ചേർത്തിട്ടുണ്ട്. അനന്തരം ഇവിടെ പിൻതുടർച്ചയ്ക്ക് പുരുഷസന്താനം ഇല്ലായ്കയാൽ മുൻചൊന്ന പെൺകുട്ടിയെ ഇളയിടത്ത് തൈക്കാട്ട് മൂസ്സിനെക്കൊണ്ട് വേളികഴിപ്പിച്ച് സർവ്വസ്വ ദാനമായി ഇരുത്തുകയാണ് ഉണ്ടായതു്. വൈദ്യവിദ്യയിൽ പാരമ്പര്യം തുടൻ്നുവന്നു. അടുത്ത തലമുറയിൽ മൂന്ന് ഉണ്ണികരം ഉണ്ടായി. അതിൽ കാരണവരായിരുന്നു മരണലക്ഷണം കണിശമായി പ്രവചിയ്ക്കുന്നതിന് പ്രഗത്ഭനായ മൂസ്സ്. അദ്ദേഹത്തിൻെറ മകനാണ് സിന്ദൂരമഞ്ജരി തുടങ്ങിയ ഗ്രന്ഥങ്ങളെഴുതിയ നാരായണൻ മൂസ്സ് (1046–1083). അദ്ദേഹത്തിൻെറ മഹനായിരുന്നു ഉണ്ണിമൂസ്സ് (വാസുദേവൻമൂസ്സ് 1076–1103). അച്ഛനേയും ഉണ്ണി മൂസ്സെന്ന് വിളിച്ചിരുന്നു. ഇതിൽ അച്ഛൻ നമ്പില്ലത്തെ മരുമഹനും മഹൻ വയസ്കരയില്ലത്തെ മരുമഹനുമായിരുന്നു.

മഹൻ ഉണ്ണി മൂസ്സ് വൈദ്യശാസ്ത്രം പഠിച്ചത് പ്രധാനമായും പ്രസിദ്ധവൈദ്യനായിരുന്ന പി. വാസുദേവൻ

നമ്പീശനിൽ നിന്നാണ്. കവി സാവ്വഭൗമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻെറ ശിഷ്യത്വവുമുണ്ട്. സാക്ഷാൽ വിഷവൈദ്യൻ കൊച്ചുണ്ണി തമ്പുരാനിൽ നിന്നു വിഷ വൈദ്യവും പഠിച്ചിരുന്നു. പ്രതിഭാശാലിയായിരുന്ന അദ്ദേഹം ചെറുപ്പത്തിൽ തന്നെ വൈദ്യവൃത്തിയിൽ പ്രവേ ശിച്ചിരുന്നു. കുറഞ്ഞ കാലം കൊണ്ട് അനോപമ കീർത്തിയും നേടിയെടുത്തു. ഇദ്ദേഹം നമ്പില്ലത്തു നിന്നാണ് വിവാഹം കഴിച്ചിരുന്നതു് (1095ൽ). വിവാഹ ത്തിന് മുമ്പ് തന്നെ കോമാട്ടിൽ സംബന്ധമുണ്ടായിരുന്നു. കല്യാണിക്കുട്ടിയാണ് പത്നി. അതിൽ മൂന്ന് സന്താന ങ്ങരം ഉണ്ടായി. ഉണ്ണി മൂസ്സിൻെറ അകാലചരമകാലത്ത് പിന്തുടർച്ചക്ക് രണ്ട് വയസ്സ് പ്രായമായ ഒരു പെൺകുട്ടി മാത്രമേ ഉണ്ടായുള്ളൂ. അന്ന് അമ്മയും മുത്തശ്ശിമാരും ഉണ്ടാ യിരുന്നു. 1116 തുലാം 19-ാം തിയ്യതി ഞാൻ (പൂലാ മന്തോരം നാരായണൻ മൂസ്സ്) വിവാഹം കഴിച്ചു ഇവിടെ താമസിച്ച് ചികിത്സാപാരമ്പര്യം തുടന്നു വരുന്നു. ഉണ്ണി മൂസ്സ് അച്ഛൻെറ സ്മാരകമായി (1920) തുടങ്ങിയ എസ്. എൻ. എ. ഔഷധ ശാല (ശ്രീനാരായണ ആയുർവേദ ഔഷധശാല) നടത്തി വരുന്നു.

ഇവിടെ വന്ന് താമസമാക്കിയ ആദ്യത്തെ കാര ണവർ അങ്ങനെ സസുഖം കഴിഞ്ഞുവരവേ, ഒരു ദിവസം രാവിലെ, കുമരപുരത്ത് വേട്ടേക്കരൻ പാട്ട് കഴിഞ്ഞ് മടങ്ങുന്ന വെളിച്ചപ്പാടും കൂട്ടരും വെള്ളം കുടിക്കുവാൻ ഇങ്ങോട്ട് കയറി വന്നു. അപ്പോരം പ്രാസംഗികമായി ഇവിടേയും ഒരു പാട്ടു കഴിച്ചാൽ കൊള്ളാമെന്ന ആഗ്രഹം മൂസ്സ് അവതരിപ്പിച്ചു. അടിയന്തരക്കാർ അതിന് സമ്മ തിയ്ക്കുകയും പാട്ടു കഴിയ്ക്കുകയും ചെയ്തു. അന്ന് കോമരം തുള്ളി താഴെ പറയും പ്രകാരം കല്പനയുണ്ടായി.

''അന്നു രാത്രി വഴി കാണിച്ചത് ഞാനാണ്. മേലാലും മുൻപോലെ എന്റെ സാന്നിദ്ധ്യമുണ്ടാകും. ആ വിഗ്രഹം അകത്ത് വെച്ച് പൂജിക്കുക. പൂജ അകത്തുള്ളവർ ചെയ്താലും മതി. എനിക്ക് സന്തോഷമായി''. അരുളപ്പാട് കേട്ട കാരണവർ യഥാശ്രുതം അനുവർത്തിച്ചു. ഇന്നും ആ നിർദ്ദേശം തുടർന്നും അനുഷ്ഠിച്ചു വരുന്നു. കൊല്ലത്തിൽ ഓരോ പാട്ടും നടത്തുന്നുണ്ട്. വേട്ടേക്കരന്റെ അനുഗ്രഹം കൊണ്ട് 1979_ൽ (1154 ചിങ്ങത്തിൽ) ഒരു പന്തീരായിരവും നടത്തുവാൻ സാധിച്ചു.

ആ കുടുംബചരിത്രം ഇത്രത്തോളം എത്തിക്കുന്നതിന് അല്പം കൂടി ചേർക്കേണ്ടതുണ്ട്. ഇവിടെ വേളി കഴിച്ച് താമസം തുടങ്ങിയ പുലാമന്തോൾ നാരായണൻ മൂസ്സിനും സന്താനമുണ്ടായില്ല. അതുകൊണ്ട് അകത്തുള്ളാളുടെ അമ്മാവന്റെ മകനായ അഷ്ടവൈദ്യൻ ആലത്തിയൂർ നാരായണൻ നമ്പിയുടെ ദ്വിതീയ പുത്രനായ വാസുദേവനെ 1984_ൽ ദത്തെടുത്തു. അഷ്ടവൈദ്യൻ നാരായണൻ നമ്പി പഴയ രീതിയിൽ വൈദ്യം പഠിച്ചതിന് ശേഷം കോട്ടക്കൽ ആയുർവേദ കോളേജിൽ ചേർന്ന് ആര്യവൈദ്യ ബിരുദം നേടുകയും പി. ടി. നാരായണൻ മൂസ്സിന്റേയും കുട്ടഞ്ചേരി മഹൻ മൂസ്സിന്റേയും കീഴിൽ പരിചയിക്കുകയും ചെയ്തിട്ടുള്ള ശാസ്ത്രജ്ഞനായ ചികിത്സകനാണ്. ഇപ്പോൾ എസ്.എൻ.എ. ഔഷധശാലയിൽ പ്രധാന വൈദ്യനായി പ്രവർത്തിക്കുന്നു. വാസുദേവൻ പഴയ സമ്പ്രദായമനുസരിച്ച് നാരായണൻ മൂസ്സിന്റെയടുത്ത് അഷ്ടാംഗഹൃദയം പഠിക്കുന്നതിന് പുറമെ, ഒല്ലൂർ തൈക്കാട്ടുശ്ശേരി ആയുർവേദ കോളേജിൽ ചേർന്നു ബി.എ.എം.എസ്. കോഴ്സിനു പഠിക്കുന്ന സമർത്ഥനും ജിജ്ഞാസുവുമായ വിദ്യാർത്ഥിയാണ്.

പഴനെല്ലിപ്പുറത്ത് മൂസ്സിൻെറ മലബാർ വിട്ടുള്ള പലായനത്തിൻെറ കഥ പ്രസിദ്ധ പണ്ഡിതനും എൻെറ വ്യാകരണ ഗുരുനാഥനുമായ സുബ്ബരാമപട്ടർ ''ആപദ്ദീപം'' എന്ന പേരിൽ സംസ്കൃതഭാഷയിൽ മനോഹരമായ ഒരു ഖണ്ഡകാവ്യമായി എഴുതിയിട്ടുണ്ട്. അതും അതിന് ഞാൻ തയ്യാറാക്കിയ മലയാള തർജ്ജമയും പി. ടി. നാരായണൻ മൂസ്സിൻെറ ഷഷ്ടിപൂർത്തി സ്മരണികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നതും പ്രസ്താവ്യമാണ്. ഉണ്ണിമൂസ്സിനെ അഷ്ടാംഗഹൃദയം പഠിപ്പിച്ച വൈദ്യൻ പി. വാസുദേവൻ നമ്പീശൻെറ ശിഷ്യനാണ് ഞാനും എന്ന് അഭിമാനപൂർവ്വം ഓർത്തുപോകുന്നു.

''ആചാര്യനായുർന്നിഗമം പഠിയ്ക്കാ-
നാരുണ്ണി മൂസ്സിന്നവിടുന്നു തന്നെ
പിന്നീടെനിയ്ക്കും ഗുരു വാസുദേവൻ
നമ്പീശനെച്ചേവടിയിൽ തൊഴുന്നേൻ'' എന്ന് ആപദ്ദീപത്തിൻെറ മലയാള പരിഭാഷയിൽ ചേർത്തിരുന്നു. ഉണ്ണിമൂസ്സിൻെറ അകാല നിര്യാണത്തെ സ്മരിച്ചുകൊണ്ട് അദ്ദേഹത്തിൻെറ അത്യന്തസുഹൃത്തായിരുന്ന പ്രസിദ്ധകവി കെ. കെ. രാജ രചിച്ച ''ബാഷ്പാഞ്ജലി'' എന്ന സഹൃദയ ഹൃദയാഹ്ലാദിയായ വിലാപകാവ്യം വളരെയധികം പ്രശംസിയ്ക്കപ്പെട്ടിട്ടുള്ളതാണെന്ന് പ്രാസംഗികമായി സ്മരിയ്ക്കേണ്ടതുണ്ട്.

## II

ഉള്ളൂരിൻെറ കേരള സാഹിത്യ ചരിത്രത്തിൽ (നാലാം വാല്യം 52-ാം അദ്ധ്യായം) ഒരു വിധം പ്രാധാന്യത്തോടു കൂടിത്തന്നെ സിന്ദൂരമഞ്ജരി കർത്താവിൻെറ ചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ ഭാഗവും ഇവിടെ പകർത്തുന്നത് ഉചിതമായിരിയ്ക്കുമെന്നു തോന്നുന്നു.

തൃശ്ശൂർ തൈക്കാട്ടു് മൂസ്സതു് (1046_1083) കുടുംബം കേരളമെങ്ങും കേളി കേട്ടിട്ടുള്ള അഷ്ടവൈദ്യകുടുംബങ്ങളി ലൊന്നാണു് പഴനെല്ലിപ്പുറത്തു തൈയ്ക്കാട്ടു്. ആ കുടുംബ ക്കാർ ആദ്യകാലത്തു താമസിച്ചിരുന്നതു് ബ്രിട്ടീഷു് മല ബാറിൽ എടക്കുളം തീവണ്ടിയാപ്പീസിനു സമീപമുള്ള പഴനെല്ലിപ്പുറം എന്ന സ്ഥലത്തായിരുന്നു. 981_ാമാണ്ടു തീപ്പെട്ട കൊച്ചി ശക്തൻ തമ്പുരാൻ അന്നത്തെ പഴനെല്ലി പ്പുറത്തു മൂസ്സിനെ സ്വന്തം ആവശ്യങ്ങൾക്കായി തൃശ്ശൂരിൽ വരുത്തി താമസിപ്പിച്ചു. ആ വഴിയ്ക്കാണു തൃശ്ശൂർ തൈയ്ക്കാട്ടു് എന്ന ഇല്ലപ്പേർ അവർക്കു സിദ്ധിച്ചതു്. ഇളയിടത്തു തൈക്കാട്ടു എന്നതു മറെറാരു അഷ്ടവൈദ്യകുടുംബമാകുന്നു.

**ചരിത്രം**_നാരായണൻ മൂസ്സതു് തൃശ്ശൂർ തൈയ്ക്കാട്ടി ല്ലത്തു് 1046_കന്നി മാസത്തിൽ രോഹിണി നക്ഷത്ര ത്തിൽ ജനിച്ചു. അദ്ദേഹത്തിൻെറ പിതാവായ വാസു ദേവൻ മൂസ്സതു ആയുർവേദത്തിൽ എന്നതുപോലെ തർക്ക ശാസ്ത്രത്തിലും നിഷ്ണാതനായിരുന്നു. അദ്ദേഹത്തിൻെറ കനിഷ്ഠ സഹോദരന്മാരായ കുഞ്ഞുണ്ണി മൂസ്സതിനും പരമേ ശ്വരൻ മൂസ്സതിനുമുള്ള ചികിത്സാപാടവം ഒട്ടും കുറവായിരു ന്നില്ല. അവർ മൂന്നു പേരും 1049_ാമാണ്ടു മേടമാസ ത്തിൽ മസൂരി ദീനത്താൽ മരിച്ചുപോയതിനാൽ ശിശു വായ നാരായണൻ മൂസ്സു കേവലം അനാഥനായിത്തീർന്നു. താനും തൻെറ ഒന്നര വയസ്സു പ്രായമുള്ള കനിഷ്ഠസഹോദ രിയും മാതാവും പിതാമഹിയുമല്ലാതെ ഇല്ലത്തു് വേറെ യാരും ഉണ്ടായിരുന്നില്ല. കുടുംബമോ ഋണബാദ്ധ്യതയിൽ പ്പെട്ടു നട്ടം തിരിയുകയായിരുന്നു. ആ അശരണാവസ്ഥ യിൽനിന്നു് അവരെയെല്ലാം രക്ഷിച്ചതു് അവരുടെ ബന്ധു വായ അന്നത്തെ പുലാമന്തോൾ മൂസ്സതായിരുന്നു. ആ മൂസ്സതു് 1078ലാണു് മരിച്ചതു്. അദ്ദേഹം അവരെ സ്വഗൃഹ

ത്തിലേയ്ക്കു് കൂട്ടിക്കൊണ്ടു പോയി നാരായണൻ മൂസ്സിൻെറ വിദ്യാഭ്യാസത്തിനു വേണ്ട ഏർപ്പാടു ചെയ്തു. ചേന്ദ്രുവാരിയർ എന്ന ഒരാളായിരുന്നു ബാലപാഠങ്ങൾ പഠിപ്പിച്ചതു്. പിന്നീടു് കുട്ടഞ്ചേരി അപ്ഫൻ മൂസ്സതു് ചില മഹാ കാര്യങ്ങളും ഉപനയനാനന്തരം അഷ്ടാംഗഹൃദയവും പഠിപ്പിച്ചു. 1056_ൽ മാതാവു് മരിച്ചു. 1062_ാമാണ്ടു് വയസ്ക്കരെ ആര്യൻ നാരായണൻ മൂസ്സതിൻെറ പ്രഥമ പുത്രിയെ ഗ്രഹിച്ചു തൈയ്ക്കാട്ടില്ലത്തുകൊണ്ടുപോയി കുടിവെച്ചു. പിന്നിടു് നാരായണൻ മൂസ്സതു് സ്വഗൃഹത്തിൽ സ്ഥിരമായി താമസിച്ചു് വൈദ്യവൃത്തിയിൽ ഏർപ്പെട്ടു. വളരെ വേഗത്തിൽ അദ്ദേഹത്തിനു് കേരളത്തിലെ വിശിഷ്ട വൈദ്യന്മാരുടെ കൂട്ടത്തിൽ ഒരു സ്ഥാനം ലബ്ധമായി. അതോടുകൂടി ഒരു ശാസ്ത്രിയെ ഇല്ലത്തു് താമസിപ്പിച്ചു് അലങ്കാര ശാസ്ത്രഗ്രന്ഥങ്ങളും സിദ്ധാന്തകൗമുദിയും പഠിച്ചു. നല്ല ഒരു വൈദ്യനും കവിയുമായിരുന്ന പി. കെ. നാരായണൻ നമ്പീശനും, കീരംകുളങ്ങര ചക്രപാണി വാരിയരും മററും അദ്ദേഹത്തിൻെറ ശിഷ്യകോടിയിൽപ്പെടുന്നു. 1075_ാമാണ്ടു് ആര്യൻ നാരായണൻ മൂസ്സിൻെറ ദ്വിതീയ പുത്രിയേയും വിവാഹംചെയ്തു. 1083_ാമാണ്ടു് കന്നിമാസം 24_നു് ലൂതാവിഷബാധ നിമിത്തം മരിച്ചു.

**കൃതികൾ_** മൂസ്സതുസംസ്കൃതത്തിൽ (1) യാദവദാനവീയം കാവ്യവും ഭാഷയിൽ (2) സിന്ദൂരമഞ്ജരി (3) കപോതസന്ദേശം (4) നളചരിതം എന്നീ കാവ്യങ്ങളും (5) ശൃംഗാരമഞ്ജരിഭാണവും (6) വിരാധവധം ആട്ടക്കഥയും രചിച്ചിട്ടുണ്ടു്. ഇവയിൽ ചിലതെല്ലാം അപൂർണങ്ങളാണു്. (7) കവിതാവലി (8) അത്തച്ചമയം കുറത്തിപ്പാട്ടു് (9) സംബന്ധവിലാസം തുള്ളൽ എന്നീ കൃതികൾ പ്രധാനങ്ങളല്ല. സിന്ദൂരമഞ്ജരി ഒരു വൈദ്യഗ്രന്ഥമാക

ന്നു. അതിൽ വെള്ളി, ചെമ്പ്, ഇരുമ്പ്, ഗന്ധകം, അഭ്രം, രസം മുതലായവ നീററിയെടുത്ത് ചൂർണ്ണമാക്കി ഉപയോഗിക്കുന്നതിനുള്ള വിധികരം പ്രതിപാദിച്ചിരിക്കുന്നു. മൂസ്സതിൻെറ ഭാഷാകവിതയ്ക്കു് പൊതുവെ നല്ല പ്രസാദവും ഒഴുക്കും, വേണ്ടദിക്കിൽ ഗാംഭീര്യവുമുണ്ട്. ഭാണത്തിൽ നിന്നുമാത്രം രണ്ടു ശ്ലോകങ്ങരം ഉദ്ധരിക്കാം.

ഒരു കൊമ്പനാന:

''ചാഞ്ചല്യം കലരുന്ന പുഷ്കരസഹാ-
യത്താൽ നളോൽപ്പാടനം
താൻ ചെയ്യാൻ തുനിയുന്നു,ഹന്ത! കലിയോ?
നാലുണ്ടു പാദങ്ങളും.
തഞ്ചും പ്രസാദവുമുണ്ടുപാർക്കിലധുനാ
നാല്പദ്യമോ? വൈദ്യനോ
വാഞ്ഛരിക്കും പടിബൃംഹണം പുനരിതാ
ചെയ്യുന്നു ദന്താവളം.''

ഒരു സുന്ദരി:

''ക്ലറോട്ടർവശി വാശി വിട്ടടിതൊഴും
രംഭയ്ക്കെഴും ഡംഭടൻ
''തീരും; മേനകതൻെറ മേനി കുറയും
നാണിച്ചിടും വാണിയും
മാരപ്രേയസി മത്സരം വെടിയു
മഗ്ഗൗരിക്കെഴും ഗൗരവം
തീരെപ്പോയിടുമാഴിമാതഴൽ മുഴു
ത്താഹന്ത! കേഴുംദ്ധ്രുഡം.''

ഒരു സംസ്കൃത ശ്ലോകം:

''ദേവി പ്രാജ്ഞാ: പ്രായസ്തേപശുപതിരിതിശം-
സന്തി നേദംപ്രമാദാ-

ദാദായാദ്ധം ത്വയസ്യാസ്മ്യഹമിഹകൃതകൃ-
ത്യേതിയന്മന്യസേത്വം
സർവ്വസ്വം സർവ്വഥാപി പ്രണയിന ഉപ ഗൃ-
ഹ്ണാതി മുഗ്ദ്ധേ! വിദഗ്ദ്ധേ-
ത്യുക്തേ ശ്രീനാരദേനക്ഷിത ധരദുഹിതു:
പാതുസവ്രീഡഹാസ:

ഉള്ളൂരിൻെറ സാഹിത്യ ചരിത്രത്തിന് ചർച്ചയും പൂരണവുമായി എഴുതിയ ഗ്രന്ഥത്തിൽ (രണ്ടാം ഭാഗം) കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മ ഈ വിഷയത്തിൽ ഇങ്ങനെ എഴുതുന്നു.

തൃശ്ശൂർ തൈയ്ക്കാട്ട് നാരായണൻമൂസ്സിൻെറ കുടുംബസ്ഥിതി, ചരിത്രം എന്നിവയുടെ വിവരണത്തോടുകൂടി അടുത്ത പ്രകരണം തുടങ്ങുന്നു. "വളരെ വേഗത്തിൽ അദ്ദേഹത്തിന് കേരളത്തിലെ വിശിഷ്ടവൈദ്യന്മാരുടെ കൂട്ടത്തിൽ ഒരു സ്ഥാനം ലബ്ധമായി. അതോടുകൂടി ഒരു ശാസ്ത്രിയെ ഇല്ലത്ത് താമസിപ്പിച്ച് അലങ്കാര ശാസ്ത്ര ഗ്രന്ഥങ്ങളും സിദ്ധാന്തകൗമുദിയും പഠിച്ചു." അതിവേഗത്തിൽ വൈദ്യവൃത്തിയിലെന്നപോലെ കവിത്വത്തിലും മൂസ്സ് ഉയർന്ന ഒരു സ്ഥാനം നേടി.

നാരായണൻ മൂസ്സിൻെറ ഒമ്പതു കൃതികളെ കുറിച്ച് സാഹിത്യ ചരിത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. "മൂസ്സിൻെറ ഭാഷാ കവിതയ്ക്ക് പൊതുവെ നല്ല പ്രസാദവും ഒഴുക്കും വേണ്ട ദിക്കിൽ ഗാംഭീര്യവുമുണ്ട്" എന്നാണ് കവിതയെ കുറിച്ചുള്ള അഭിപ്രായം. അതുമതിയായില്ല. സംസ്കൃതത്തിലും മലയാളത്തിലും കാവ്യങ്ങൾ നിർമ്മിയ്ക്കുന്നതിന് മൂസ്സിന് നല്ല കഴിവുണ്ടായിരുന്നു. സംസ്കൃത കൃതികളാണ് യാദവദാനവീയവും കപോതസന്ദേശവും ഇവ

യിൽ രണ്ടാമത് പറഞ്ഞ കൃതിയെ ഭാഷാകൃതികളുടെ കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്നു. അത് സംസ്കൃതകൃതി തന്നെയാണ്. ഫലിതരസികനും മനോധർമ്മസമ്പന്നനു മായ ഒരു കവിയാണ് നാരായണൻ മൂസ്സ്. ''ശൃംഗാരമ ണ്ഡനം'' ഭാണത്തിൽ പ്രസ്തുത ഗുണങ്ങൾ കാണാവുന്ന താണ്.

മൂസ്സ് എന്നതിന് പകരം മൂസ്സത് എന്ന് പ്രയോ ഗിച്ച് കാണുന്നത് പിശകാണ്. അത് തിരുത്തണം. ഈ അബദ്ധം അനേകം തവണ ആവർത്തിച്ചിട്ടുണ്ട്.

ഉള്ളൂരും വടക്കുംകൂറും വേണ്ട വിധം അന്വേഷണം നട ത്തിയിട്ടാവണമല്ലോ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടാകുക. രണ്ടു പേർക്കും തൃശ്ശൂർ വളരെ പരിചിതമായ പ്രദേശവുമാണ്. എന്നാൽ നാരായണൻ മൂസ്സിന്റെ സിന്ദൂരമഞ്ജരിയൊ ഴിച്ച് ഇവിടെ കുറിക്കപ്പെട്ട ഗ്രന്ഥങ്ങളെക്കുറിച്ച് ഇല്ലത്തു നിന്ന് ഒരു വിവരവും ലഭിച്ചിട്ടില്ല എന്നത് ഖേദകര മാകുന്നു. ഏതെങ്കിലും സ്ഥാപനത്തിനോ മറ്റോ നൽകി യോ, ആരെങ്കിലും പരിശോധിക്കാനെന്ന് പറഞ്ഞ് എടു ത്തുകൊണ്ടു പോയോ എന്നും മറ്റും വരാവുന്നതാണ്. എന്റെ വ്യാകരണഗുരുനാഥൻ (ആർ. പി. എസ്. സുബ്ബ രാമഭട്ടർ), കൊച്ചി മാത്രമായിരുന്ന കാലത്ത്, പുരാതന വകുപ്പിലെ ഗ്രന്ഥപരിശോധകനായിരുന്നപ്പോൾ ഇല്ല ത്തെ ഗ്രന്ഥങ്ങൾ പരിശോധിച്ച് വിവരം ശേഖരിച്ചിരു ന്നതായറിയാം. അന്നറിഞ്ഞ ഐതിഹ്യം വെച്ചാണ് മുമ്പ് സൂചിപ്പിക്കപ്പെട്ട ''ആപദ്ദീപം'' എന്ന ഖണ്ഡ കാവ്യം എഴുതിയത്. സാഹിത്യ അക്കാദമിയുടെ വല്ല മുക്കിലും ഒരു പക്ഷെ അദ്ദേഹത്തിന്റെ അന്നത്തെ കുറിപ്പു കൾ കണ്ടെത്തിയേക്കാം.

സിന്ദൂരമഞ്ജരിയെക്കുറിച്ച് ഉള്ളൂർ പറഞ്ഞിട്ടുള്ള തിൽ ഒരു പിശകുണ്ടെന്ന് തോന്നുന്നു. അയസ്കാന്തം, അഭ്രം, വങ്കം, ലോഹം, താമ്രം എന്നിവയും ഇവയഞ്ചും ചേർത്ത് ഉണ്ടാക്കുന്ന ഒന്നും എന്നിങ്ങനെ ആറു തരം സിന്ദൂരങ്ങളെ നിർമ്മാണത്തിൻേറയും സേവനത്തിൻേറയും വിധികളാണ തിലുള്ളത്. അല്ലാതെ സ്വർണ്ണവും രസവും മററും നീററു ന്നതിനെക്കുറിച്ചല്ല അതിൽ പറയപ്പെട്ടിരിക്കുന്നത്.

എന്നാലും ഉള്ളൂരും വടക്കുംകൂറും സ്മരിക്കാത്ത ഒരു കൃതിയെക്കുറിച്ച് ഇല്ലത്ത് നിന്ന് അറിവു കിട്ടി. "പുഷ്പ ബാണവിലാസം" എന്നൊരു ശൃംഗാരരസപ്രധാനമായ സംസ്കൃത കാവ്യമാണത്. അതും അപൂർണ്ണമായേ ലഭിച്ചി ട്ടുള്ളൂ. 'പുഷ്പബാണവിലാസം' എന്ന പേരിൽ പ്രാചീന മായി സംസ്കൃതത്തിൽ മററൊരു ശൃംഗാരകാവ്യം ഉണ്ടെ ന്നതും ഓർമ്മയിൽ വരുന്നു. മൂസ്സിൻെറ പുഷ്പബാണവിലാ സത്തിലെ ആദ്യത്തെ ശ്ലോകം.

"സൂത്രാമാദി സുരാർച്ചിതാംഘ്രി കമലം
കാരുണ്യ രത്നാകരം
മിത്രം വക്രതസരോരുഹാണതന്യണാം
ദോഷാകരം ദ്വേഷിണാം
നേത്രാനന്ദകരം ശ്രിയസ്സകലലോ—
കേശം സരോജേക്ഷണം
മിത്രാനന്ദ പുരേശ്വരം കഠിനരോ-
ഗാർത്തി പ്രാശാന്ത്യൈ ഭജേ"

ഈ ശ്ലോകം ഒരു ശൃംഗാരകാവ്യത്തിൻെറ ആരംഭമാ ണെന്ന് പെട്ടെന്ന് കരുതുവാൻ കഴിയുകയില്ല. ഇതിൽ മിത്രാനന്ദപുരേശ്വരൻ കഠിനരോഗാർത്തി പ്രശാന്തി ക്കായിട്ടാണല്ലോ ഭജിക്കപ്പെടുന്നത്. ഗ്രന്ഥകർത്താവിൻെറ

വൈദ്യത്തോടുള്ള പ്രതിബദ്ധതയും ജീവിതത്തിന്റെ ലക്ഷ്യത്തേയും അത് കുറിക്കുന്നു. തന്നെ ആശ്രയിക്കാനിടവരുന്ന കഠിനമായ രോഗമുള്ളവരുടെ ആർത്തിയെ തീർത്തും ശമിപ്പിക്കണമെന്ന പ്രാർത്ഥനയായി അതിനെ ധരിയ്ക്കാവുന്നതാണ്. ഏററവും കഠിനമായ രോഗം ലൈംഗികമായ ആസക്തിയാണെന്നും അതിനെ ശമിപ്പിച്ച മനസ്സിനെ സ്വാസ്ഥ്യവും സമാഹിതവുമാക്കിത്തരണമേ എന്ന പ്രാർത്ഥനയായിട്ടാണ് പുഷ്പബാണവിലാസം എഴുതപ്പെട്ടതെന്നും സങ്കൽപ്പിക്കാവുന്നതാണ്. ഭാഗവതത്തിലെ ഗോപികാഗീതവും രാസക്രീഡയും ആ വിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടു കണ്ടിട്ടുണ്ട്. ഇവിടെ സ്മരിക്കപ്പെട്ട മിത്രാനന്ദപുരേശരൻ ഇരിഞ്ഞാലക്കുടയ്ക്ക് അല്പം തെക്കുമാറിയുള്ള പെരുമ്പിള്ളിശ്ശേരിയിലെ മിത്രാനന്ദപുരം ക്ഷേത്രത്തിലെ മൂർത്തിയായ വാമനനാണ് എന്ന് തോന്നുന്നു. മിത്രാനന്ദപുരം ഒരു ഊരാഴ്മ ക്ഷേത്രമാണ്. യജുർവേദികളായ നമ്പൂതിരിമാരാണ് ഊരാഴ്മക്കാർ. അവിടെ പതിവുണ്ടായിരുന്ന ഓത്തൂട്ട് പ്രസിദ്ധമാണ്. വാമനൻ ബ്രഹ്മചാരിയാകയാൽ സ്ത്രീകൾ തൊഴാൻ പോകാറില്ല. തൃശ്ശൂർ തൈയ്ക്കാട്ടിന്റെ പ്രത്യേക കുലദേവതാസ്ഥാനം മിത്രാനന്ദപുരേശരന് ഉണ്ടായിരുന്നെന്ന് തോന്നുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോഴും അത് ഏതെങ്കിലും വിധത്തിൽ പുലർത്തപ്പെട്ടമായിരുന്നുവല്ലോ. ഒരു ശൃംഗാരകാവ്യത്തിന് തുടക്കമായി, ബ്രഹ്മചാരിയായ വാമനനോട് രോഗശാന്തിയ്ക്കു വേണ്ടി പ്രാർത്ഥിക്കുക എന്നതിൽ അനൗചിത്യമുള്ളതായി തോന്നുന്നു. ഒരുപക്ഷെ, പിന്നീടാരോ പകർത്തിവെച്ചപ്പോൾ, പ്രത്യേകിച്ച് സന്ദർഭം നോക്കാതെ എഴുതിവെച്ചതാകാം.

''ശ്രീമൽഗോപവധൂ സ്വയംഗ്രഹപരി
ഷ്വംഗേഷ്യ തുംഗസ്തന
വ്യാമർദ്ദാൽ ഗളിതേ പി ചന്ദനരജ
സ്യംഗേവഹൻ സൌരഭം
കശ്ചിജ്ജാഗരജാതരാഗനയന
ദ്വന്ദ്വഃ പ്രഭാതശ്രീയം
ബിഭ്രൽ കാമപി വേണുനാദ രസികോ
ജാരാഗ്രണീഃ പാതുവ:''

എന്ന രണ്ടാം ശ്ലോകമാകാം, വാസ്തവത്തിൽ ഒന്നാം ശ്ലോകം. ശൃംഗാരകാവ്യം ഗോപികാജാരനെ പ്രാൎത്ഥിച്ചു കൊണ്ടാവുക ഉചിതം തന്നെയാണല്ലോ. ആ ശ്ലോകം മൂസ്സിൻെറ കവിതയിലുള്ള വാസനയ്ക്കും സാമർത്ഥ്യത്തിനും ഉദാഹരണമായി ഗണിയ്ക്കാവുന്നതാണ്. ഇരുപത്തൊന്ന് ശ്ലോകങ്ങളേ കിട്ടിയുള്ളുവെങ്കിലും യോഗ്യനായ ഏതെങ്കിലും പണ്ഡിതനെകൊണ്ട് പരിശോധിപ്പിച്ച് പ്രസിദ്ധീകരിക്കുന്നത് നന്നാകും.

ശീവൊള്ളിക്കൃതികൾക്ക് അദ്ദേഹമാണ് അവതാരികയെഴുതിയിട്ടുള്ളത്. കവിയെന്ന നിലയിൽ മാത്രമല്ല സാഹിത്യാസ്വാദകനെന്ന നിലയിലും സാഹിത്യനിരൂപകൻ എന്ന നിലയിലും അത് അദ്ദേഹത്തിൻെറ ആദരണീയതയെ സൂചിപ്പിയ്ക്കുന്നു. നല്ല ശുദ്ധമായ ഹൃദയംഗമമായ പദ്യമെന്നപോലെ ഗദ്യവുമെഴുതുന്നതിന്ന് അദ്ദേഹം സമർത്ഥനായിരുന്നു എന്ന് ആ അവതാരിക വ്യക്തമാക്കുന്നു. എല്ലാ വിധത്തിലും അകൃത്രിമത്വമാണ് അദ്ദേഹത്തിൻെറ മുഖമുദ്ര. 'ശീവൊള്ളിയുടെ ചരമശ്ലോകമായ'

കിം മേ സ്വർഗ്ഗേണ യസ്മാൽ പതതി ഹരിഹിയോ–
പ്യാത്മകർമ്മാന വൃത്യാ
കിം വാ സത്യാദിലോകൈർഭുവന വിലയനേ
യേഽപി നാശം വ്രജന്തി
യന്നിത്യം നിസ്തമസ്കം വിലസതി പുനരാ–
വൃത്തിഹീനം പദം തൽ
ബ്രഹ്മധ്യാനാവദഗ്ദ്ധാഖിലകലുഷചയോ
യാമി സർവ്വം വിഹായ''

അതിൽ ഇപ്രകാരം തർജ്ജമ ചെയ്തു് ചേർത്തിരിയ്ക്കുന്നു.

''കർമ്മത്താലിന്ദ്ര പട്ടപ്പദവിയുമിടിയും
തുച്ഛമാം സ്വർഗസൌഖ്യം
ബ്രഹ്മാദ്യാവാസമെല്ലാം പ്രളയഗദ്ധ്വവിലായ്–
ത്തീരുമെന്തിന്നതെല്ലാം
ബ്രഹ്മധ്യാനത്തിനാലെൻ ദുരതതതി ദഹി
പ്പിച്ചിരുട്ടററു രണ്ടാം–
ജന്മം പററാത്ത നിത്യസ്ഥലമതിലഖിലം
വിട്ടുപോകുന്നിതാ ഞാൻ''

ആശയ വ്യഞ്ജനത്തിനും കവിത്വത്തിനും നല്ല ഉദാഹരണമാണല്ലോ ഈ തർജ്ജമ. 6–7–1082ലാണ് അവതാരികയെഴുതിയിട്ടുള്ളതു്. ആ ഗ്രന്ഥത്തിൽ പ്രസാധകനായ വെള്ളാട്ടുൽ നാരായണമേനോൻ, ഭിഷഗ്വരനും സംസ്കൃതത്തിലും മലയാളത്തിലും സരസകവിയുമായ തൃശ്ശൂർ തൈയ്ക്കാട്ട് ബ്രഹ്മശ്രീ നാരായണൻ മൂസ്സ് അവർകൾ എന്ന് അവതാരികക്കാരനെ സ്മരിച്ചിരിയ്ക്കുന്നു. മൂസ്സിന്റെ അനേകം ഒററശ്ലോകങ്ങൾ അക്കാലത്തു് പ്രസിദ്ധങ്ങളായിരുന്നു. ''ലക്ഷ്മീഭായി'' മുതലായ മാസികകളിൽ അദ്ദേഹത്തിന്റെ കവിതകൾ പ്രസിദ്ധീകരിയ്ക്കപ്പെട്ടിരുന്നു.

ഗ്രന്ഥകാരൻ കുട്ടഞ്ചേരി അപ്ഫൻ മൂസ്സിൻെറ ശിഷ്യനായിരുന്നുവെന്നും സാഹിത്യ ചരിത്രത്തിലെ പ്രസ്താവത്തിലുണ്ടല്ലോ ക്രമത്തിൽ പ്രസിദ്ധമായിത്തീൎന്ന വൈല്ലൂരു ശങ്കുവാരിയരും, കുട്ടഞ്ചേരി ആര്യൻ മൂസ്സും അദ്ദേഹത്തിൻെറ സതീർത്ഥ്യരായിരുന്നു. ആ അപ്ഫൻ മൂസ്സിൻെറ തന്നെ ശിഷ്യനായിരുന്ന വൈദ്യരത്നം പി. എസ്. വാരിയരുമെന്ന് തോന്നുന്നു. അഞ്ചേരി മഠത്തിലെ അമ്മുണ്ണിത്തിരുമുൽപ്പാട്, പടമിററം നമ്പൂതിരി, താററാട്ടു വീട്ടിൽ നാരായണൻ നായർ, കവി. പി. കെ. നാരായണൻ നമ്പീശൻ, കീരങ്കുളങ്ങര ചക്രപാണിവാരിയർ എന്നിങ്ങനെ അദ്ദേഹത്തിന് അനേകം ശിഷ്യന്മാരുണ്ടായിരുന്നു.

അമ്മുണ്ണിത്തിരുമുൽപ്പാടിൻെറ ഇട്ട പേർ ഗോദവർമ്മൻ എന്നായിരുന്നു (1050–1118). മംഗളോദയം പ്രസിദ്ധീകരിച്ചിട്ടുള്ള ബാലചികിത്സയിൽ നിന്ന് അദ്ദേഹത്തെക്കുറിച്ചുള്ള ചില വിവരങ്ങൾ ലഭിയ്ക്കുന്നുണ്ട്. ആ ഗ്രന്ഥത്തിന് ബാലചികിത്സയെന്നും ബാലതന്ത്രമെന്നും രണ്ട് ഭാഗങ്ങളുണ്ട്. "ബാലചികിത്സ പുരാതനകാലം മുതല്ക്ക് ബാലവൈദ്യത്തിൽ പ്രസിദ്ധപ്പെട്ടതും, ഈ പുസ്തകത്തിൽ പദ്യരൂപേണ പേർ പറയുന്നതുമായ ഒരു നമ്പൂതിരിയാലും, ബാലതന്ത്രം അഷ്ടാംഗഹൃദയം ഉത്തരസ്ഥാനത്തിൽ നിന്നു തൎജ്ജമ ചെയ്ത് ബ്രഹ്മശ്രീ നാരായണൻ മൂസ്സവർകളുടെ ശിഷ്യൻ ശങ്കരമ്പാട്ട് ഗോദവർമ്മൻ തിരുമുൽപ്പാട് അവർകളാലും ഉണ്ടാക്കി പകർപ്പവകാശം വാങ്ങി അച്ചടിച്ചിരിക്കുന്നതിനാൽ ഇതുകൊണ്ടുള്ള ഉപകാരത്തെ പരിശോധനയിൽ അനായാസേന ഗ്രഹിയ്ക്കാവുന്നതും രോഗികൾക്കും വൈദ്യന്മാൎക്കും ശ്രേയസ്സിന് പാത്രീഭവിയ്ക്കുന്നതുമാകുന്നു. 1076 വൃശ്ചികം 1–ാംന് കേരളകല്പദ്രുമം

അച്ചുകൂടം പ്രവത്തകർ എന്നുമുണ്ട്. കേരളകല്പദ്രുമത്തിൽ നിന്നു അവകാശം വാങ്ങിയാകണം മംഗളോദയം പ്രസിദ്ധീകരിച്ചതു്. മംഗളോദയം 1098ലും 1104ലുമായി രണ്ട് പതിപ്പുകൾ ഇറക്കിയിട്ടുണ്ടെന്നു കാണുന്നു. ബാലതന്ത്രത്തിൽ അഷ്ടാംഗഹൃദയം ഉത്തരസ്ഥാനത്തിലെ ബാലോപചരണീയം, ബാലാമയ പ്രതിഷേധം, ബാലഗ്രഹ പ്രതിഷേധം എന്നി അദ്ധ്യായങ്ങളുടെ തജ്ജമയാണുള്ളതു്. വശ്യവചസ്സായ ഒരു കവിയാണ് ഗോദവമ്മൻ തിരുമുൽപ്പാട് എന്ന് തെളിയിയ്ക്കുന്നതാണ് തജ്ജമ. വൃത്താനുവൃത്തതജ്ജമയല്ല, അത്ഥപ്രകാശത്തിനാണ് പരിഭാഷകൻ ശ്രദ്ധിച്ചിട്ടുള്ളതു്.

"ഓരില മൂവില ചെറുപയർ താതിരി
　　പയ്യാനിയിളയക്കുവളക്കാ
ബലകൾ പടർച്ചുണ്ട പരുത്തിക്കുരുവും
　　കഷായമായ് പാലും
തൈററിൻ വെള്ളവുമൊത്തൊരു നെയ് കാച്ചി-
　　ബ്ബാലനേകീടുന്നാകിൽ
പല്ലുണ്ടാകുന്നളവതിലുണ്ടാം രോഗങ്ങ-
　　ളൊക്കെയോടിപ്പോം" എന്നതു് ഒരു ഉദാഹരണം മാത്രം.

ബാലതന്ത്രത്തിൻെറ സമാപനത്തിൽ ഗ്രന്ഥകത്താവു തന്നെ പരിചയപ്പെടുത്തുന്നുണ്ട്.

"ഈ വണ്ണം ഭാഷയായെന്നാലാവുംവണ്ണം പറഞ്ഞു ഞാൻ
ഏവർക്കുമറിയാനായിട്ടീ വൈദ്യം ബാലതന്ത്രകം
ഇതിലുള്ളൊരു തെററല്ലാമതികാരുണ്യശാലികൾ
മതിമാന്മാർ ക്ഷമിയ്ക്കേണമതിനായിട്ടു വന്ദനം

പഴനെല്ലിപ്പുറത്തെന്നു പരിചിൽ പേർ പുകഴ്ന്നിട്ടും
തയ്ക്കാട്ടു മൂസ്സതാമെൻെറ ചൊൽക്കൊണ്ടാചാര്യവര്യനും
എന്നും മന്ദധിയാകുന്നോരെന്നെക്കരുണയോടുടൻ
കടാക്ഷിയ്ക്കേണമതിനായ് കടാക്ഷിയ്ക്കേണമീശ്വരൻ''

അദ്ദേഹം സി. എം. എസ്. സ്കൂളിൽ മലയാളം മുൻഷിയായിരുന്നുവെന്നും അദ്ദേഹത്തിൻെറ കുടുംബത്തിൽ നടത്തിയ അന്വേഷണത്തിൽ നിന്നറിയുന്നു.

അന്യാദൃശമായ വാഗ്‌വൈഭവം ആലോചിയ്ക്കുമ്പോൾ മററു ചില കൃതികളും അദ്ദേഹത്തിൻേറതായുണ്ടാവേണ്ടതാണ്. കേരളകല്പദ്രുമം പ്രകാശനം 1076 ലാണ്. 1050ൽ ജനിച്ച അദ്ദേഹത്തിന് അക്കാലത്ത് 26 വയസ്സായിരിയ്ക്കാനേ ഇടയുള്ളൂ. അദ്ദേഹത്തിൻെറ കുടുംബത്തിലെ ഒരു ശാഖയിൽ ഇപ്പോഴും വൈദ്യപാരമ്പര്യം പുലർത്തുന്ന ഒരാളുണ്ട്. വടക്കുട്ട് രവിവർമ്മ തിരുമുൽപ്പാട്ട്. ശങ്കരൻ പാട്ടെതന്നെ ഒരാളുടെ മകളായ 'ഷേണിയ' എന്ന കുട്ടി ആയുർവേദം പഠിയ്ക്കുന്നു (വൈദ്യരത്നം ആയുർവ്വേദ കോളേജിൽ). അവരിൽ നിന്നാണ് ബാലതന്ത്രകർത്താവിനെക്കുറിച്ച് ചില വിവരങ്ങൾ ലഭിച്ചതെന്ന് കൃതജ്ഞതാപൂർവം സ്മരിയ്ക്കുന്നു. നല്ല കൈപ്പുണ്യമുള്ള തികഞ്ഞ ഗുരുകാരുണ്യമുള്ളൊരു ചികിത്സകനായിരുന്ന ശങ്കരൻപാട്ട ഗോദവർമ്മ തിരുമുൽപ്പാടെന്ന് വൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. പൂർവാദ്ധ്മായ ബാലചികിത്സയുടെ കർത്താവ് ഒരു ഗൗരാരണ്യദ്വിജനാണ്. (ഗൗരാരണ്യദ്വിജേനേത്ഥം ബാലവൈദ്യം മയോദിതം)

മറെറാരു ശിഷ്യനായിരുന്നു താററാട്ടു വീട്ടിൽ നാരായണൻ നായർ. 1056ൽ ജനിച്ച അദ്ദേഹം ചെറുപ്പത്തിൽ

ത്തന്നെ ഇല്ലത്തു വന്ന ചേരുകയും വൈദ്യം പഠിക്കുകയും ഔഷധനിർമ്മാണത്തിൽ പ്രത്യേകിച്ച് സിന്ദൂരങ്ങളുടെ നിർമ്മാണത്തിൽ സഹായിയായിത്തീരുകയും ചെയ്തു. 1083ൽ ഗ്രന്ഥകാരൻ മരിച്ചതിനു ശേഷവും, മഹൻ മൂസ്സിന് സഹായിയായി ഇല്ലത്തുതന്നെ താമസിയ്ക്കുകയും ചെയ്തു. അച്ഛൻെറ മാർഗത്തിൽ കൂടെ മഹനെ നയിയ്ക്കുന്നതിൽ നാരായണൻനായർ വളരെ പ്രയോജകീഭവിച്ചിട്ടുണ്ട്. മഹനു ഏഴു വയസ്സാകുമ്പോഴേയ്ക്കും ദിവംഗതനാകയാൽ വിദ്യാഭ്യാസത്തിലും മററും വേണ്ടത്രശ്രദ്ധിയ്ക്കുന്നതിന് അച്ഛന് കഴിഞ്ഞിരുന്നില്ല. അതാകാം സിന്ദൂരപ്രയോഗത്തിന് കുടുംബത്തിൽ തുടർച്ചയുണ്ടാകാതിരിയ്ക്കാൻ കാരണം. ഉണ്ണിമൂസ്സ് ചികിത്സാരംഗത്ത് ഒരു ഐതിഹ്യമായിത്തന്നെ മാറിയിരുന്നു. അദ്ദേഹത്തിൻെറ അകാലനിര്യാണത്തിനു (1103) ശേഷവും നാരായണൻനായർ വൈദ്യശാലയിൽ ചുമതലയുമായി ഇല്ലത്തുതന്നെ കൂടി 1132 ൽ 76_ാമത്തെ വയസ്സിൽ അന്തരിച്ചു. അദ്ദേഹത്തിൻെറ മകൻ നാരായണൻ നായർ ഇപ്പോഴും വൈദ്യശാലയിൽ സേവനമനുഷ്ഠിച്ചു വരുന്നു.

മറെറാരു ശിഷ്യൻ പടമിററത്തു നമ്പൂതിരിയും പ്രശസ്തനായ ചികിത്സകനായി പേരെടുത്തിരുന്നു. ശിഷ്യൻ നാരായണൻ നമ്പീശൻ നല്ലൊരു കവിയും ചികിത്സകനുമായിരുന്നു. ഉണ്ണിമൂസ്സിൻെറ ഗുരുനാഥനായ വാസുദേവൻ നമ്പീശൻെറ അമ്മാമനുമായിരുന്നു.

അഖില കേരള അക്ഷരശ്ലോകപരിഷത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള കെ. കെ. രാജാവിൻെറ 'ബാഷ്പാഞ്ജലി'യിൽ അനുബന്ധമായി ഉണ്ണിമൂസ്സിൻെറ ഒരു ലഘുചരിത്രം, കെ. പി. സി. അനുജൻ ഭട്ടതിരിപ്പാടെഴുതി പ്രസിദ്ധീ

കരിച്ചിട്ടുണ്ട്. ഉണ്ണിമൂസ്സിൻെറ മനോധർമ്മപ്രധാനമായ ചികിത്സയ്ക്ക് രണ്ടുദാഹരണങ്ങരം അതിൽ നല്കിയിരിക്കുന്നു. കണക്കിൽ കവിഞ്ഞ് ചുണ്ണാമ്പുവെള്ളം കുടിച്ച് അവശനിലയിൽ കയ്യും കാലും ഇട്ടടിയ്ക്കുകയാണ് ഒരു കാള. അതുകണ്ട അനാഗതശ്മശ്രുവായ ഉണ്ണിമൂസ്സ പറഞ്ഞു, അതിന്നു കുറച്ചു വെററിലയും അടയ്ക്കയും ഇടിച്ചു കലക്കി കൊടുക്കുവാൻ. നിമിഷങ്ങരംക്കകം ആ മിണ്ടാപ്രാണിയുടെ വിഷമം മാറി. അതു സുഖം പ്രാപിച്ചു. അത്ഭുതപരതന്ത്രരായ കാണികരം ഈ പ്രയോഗം ഏതു ശാസ്ത്രത്തിൽ വിധിച്ചിട്ടുള്ളതാണെന്ന് ചോദിച്ചപ്പോരം മുറുക്കുമ്പോരം നൂറ ഏറിയാൽ വെററിലയും അടയ്ക്കയും തിന്നുന്നതു കണ്ടിട്ടുണ്ടെന്നതായിരുന്നു ഉത്തരം. അന്നത്തെ തൃശ്ശൂർ നഗരത്തിലെ മഹാധനികന്മാരിൽ ഒരാളായിരുന്ന നടക്കാവുകാരൻ മുതലാളിയുടെ ഒരു കുട്ടിയുടെ മൂക്കിൽ അബദ്ധത്തിൽ ഒരു മഞ്ചാടിക്കുരു പെട്ടു. അതെടുത്തു കളയാനുള്ള എല്ലാ ശ്രമവും പരാജയപ്പെട്ടുവത്രേ, ഓപ്പറേഷൻ വേണം, ഉടൻ മദിരാശിയ്ക്ക് കൊണ്ടുപോകണമെന്നായി ഡോക്ടർമാർ. യാത്രയ്ക്കുള്ള ഒരുക്കങ്ങളായി. ആ സമയത്താണ് ഉണ്ണിമൂസ്സിൻെറ ഒററക്കാളവണ്ടി ആ വഴിയ്ക്കു വരുന്നത്. ആ വിവരം അറിഞ്ഞ മുതലാളി ഓടിച്ചെന്ന് അദ്ദേഹത്തെ ആദരപൂർവ്വം ക്ഷണിച്ച് വീട്ടിലേയ്ക്ക് കൊണ്ടുപോയി. വണ്ടിയിൽ നിന്ന്ഇറങ്ങുമ്പോഴേയ്ക്കും കുട്ടിയുടെ സ്ഥിതിയെക്കുറിച്ച് സാമാന്യമായി മനസ്സിലാക്കിയ മൂസ്സ്, നല്ല ശീലപ്പൊടിയിട്ട ഒരു പറ വാകപ്പൊടി കിട്ടിയാൽ നന്നെന്നു പറഞ്ഞു. മൂസ്സിൻെറ സ്വന്തമാവശ്യത്തിനാകുമെന്ന വിചാരത്തിൽ ഉടനെ തന്നെ വരുത്തി ഇറയത്തു കൊണ്ടുവെച്ചു. മൂസ്സ് കുട്ടി കിടന്നിരുന്ന മുറിയിലേയ്ക്ക് പ്രവേശിച്ച് ജനലും വാതിലുമെല്ലാമടച്ച്

ആ വാകപ്പൊടി നെല്ല് കാററത്തിടുംപോലെ കുറേശ്ശെ യായി ഉയർത്തി ചൊരിയുവാൻ നിർദ്ദേശിച്ചു. അപ്പോറം പറന്ന വാകപ്പൊടി തൻെറ രണ്ടാം മുണ്ടു കൊണ്ട് വീശി കുട്ടിയുടെ മുഖത്തിൻെറ അടുത്തേയ്ക്കാക്കുകയും ചെയ്തു. മൂസ്സും തുമ്മി, അവിടെയുണ്ടായിരുന്നവർ എല്ലാം തുമ്മി, ഒപ്പം കുട്ടിയും തുമ്മി. മൂക്കിൽ നിന്ന് മഞ്ഞാടികളു തെറിയ്ക്കുക യും ചെയ്തു. മുതലാളി കൃതജ്ഞതയും സന്തോഷവും സൂചി പ്പിച്ചുകൊണ്ട് മൂസ്സിന് സമ്മാനിയ്ക്കുന്നതിന് മദ്രാസ്സിൽ നിന്നു കാറു വാങ്ങി വരുത്തി. തനിയ്ക്ക് സ്വന്തമായി ഒന്നും. ആ രണ്ടു കാറുകളും തൃശ്ശൂർ എത്തുമ്പോഴേയ്ക്കും മൂസ്സ് അകാലത്തിൽതന്നെ ചരമഗതിയടഞ്ഞിരുന്നു. ഒരിക്കലും ഉണ്ണിമൂസ്സിന് ശുണ്ഠി വന്നിട്ടില്ലത്രേ. എപ്പോഴും സുസ്മേര വദനനായിരുന്ന മൂസ്സിനോട് ഒരു നമ്പൂതിരി ചോദിച്ചു വത്രേ ''മൂസ്സിന് ശുണ്ഠി വരാറില്ലേ ഒരിയ്ക്കലും.'' ''ശുണ്ഠി നന്നല്ലാന്നു ധരിച്ചിട്ടുണ്ട്'' എന്നായിരുന്നുവത്രേ അതിന്നു മൂസ്സിൻെറ മറുപടി.

## III

### സിന്ദൂരമഞ്ജരി

ലളിതമായ മലയാളത്തിൽ, ശ്ലോകങ്ങളായി ദുർഗ്രഹ ങ്ങളായ ശാസ്ത്രവിഷയങ്ങളെക്കൂടി പ്രതിപാദിയ്ക്കുന്നതി നുള്ള മൂസ്സിൻെറ അസാധാരണമായ കഴിവിന്നുദാഹരണ മാണ് സിന്ദൂരമഞ്ജരി. ബ്രഹ്മാവുമുതൽ തൻെറ ഗുരുവായ കുട്ടഞ്ചേരി വാസുദേവൻ മൂസ്സുവരെയുള്ള ഗുരുപരമ്പ രയെ ഒന്നാമത്തെ ശ്ലോകത്തിൽ സ്മരിയ്ക്കുന്നു. തൻെറ ഗുരുവിനെ പ്രത്യേകിച്ചും സ്മരിയ്ക്കുന്നതാണ് രണ്ടാ മത്തെ ശ്ലോകം.

"ചട്ടററീട്ടമൊരഷ്ടവൈദ്യ മകുടീ
മാണിക്യമായ് മിന്നിടും
കുട്ടഞ്ചേരി മഹീസുരൻ ഗുരുവരൻ
ശ്രീ വാസുദേവാഭിധൻ
വാൎത്തും വൻകൃപയാം ജലം മയിസദാ
രക്ഷയ്ക്കു ശിക്ഷാവളം
ചേൎത്തും നട്ടൊരു വിദ്യയാം ലതയിതാ
പൂക്കുന്നുചിക്കെന്നഹോ!"

ദയയാകുന്ന വെള്ളം ഒഴിച്ചു ശിക്ഷ (ഉപദേശം) ആകുന്ന വളമിട്ടു തന്നിൽ വളൎത്തിയ വിദ്യയാകുന്ന വള്ളി വളർന്നു പന്തലിച്ചു പൂക്കുന്നതായി ഗ്രന്ഥരചനാരൂപണം ചെയ്യപ്പെട്ടിരിക്കുന്നതു മനോഹരമായിരിയ്ക്കുന്നു.

"ചൊൽപ്പൊങ്ങും കേരളത്തിൽ പുകഴിന
പഴനെല്ലിപ്പുറത്തെന്ന തസ്ഥാ-
ട്ടുല്പന്നൻ വാസുദേവാഹ്വയനതിമതിമാൻ
പുഷ്ടിവന്നഷ്ടവൈദ്യൻ
തൽപുത്രൻകർത്തൃകൎമ്മക്രിയകളറിയുവാൻ
പോലുമപ്രാപ്തനാം ഞാൻ
തീർപ്പാൻ നോക്കുന്ന ബുക്കിൽപ്പെട്ടമൊരു
പിഴയെസ്സുജ്ജനം തീർത്തിടട്ടെ"

എന്നിങ്ങനെ പാരമ്പര്യത്തേയും അച്ഛനേയും കുറിച്ചു പ്രസ്താവിച്ചുകൊണ്ട് കർത്തൃകർമ്മക്രിയകളറിയുവാൻ പോലുമപ്രാപ്തൻ (ഒരു വാക്യം പോലും ശരിയായിട്ടെഴുതുവാൻ കഴിവില്ലാത്തവൻ) എന്നു തന്റെ വിനയത്തെ സൂചിപ്പിക്കുന്നു. പിന്നെ രസതന്ത്രത്തിന്റെ ആഗമത്തെ സാമാന്യമായി സാമ്പ്രദായികമായിക്കുറിച്ചുകൊണ്ടു വിഷയത്തിലേക്കുപ്രവേശിക്കുന്നു.

''കേരളീയജനങ്ങൾക്ക
ങ്ങറിയാൻ വേണ്ടി സാദരം
സാരമായഞ്ചു സിന്ദൂരം
പറയുന്നേൻ നിരാകുലം.''

എന്നിങ്ങനെ, സിദ്ധവൈദ്യമെന്ന ആ ചികിത്സാക്രമം കേരളത്തിൽ അത്ര പരിചിതമല്ലെന്ന സൂചിപ്പിച്ചുകൊണ്ടു പ്രധാനപ്പെട്ട അഞ്ചു സിന്ദൂരങ്ങളുടെ നിർമ്മാണക്രമത്തെ വിവരിയ്ക്കുന്നു.

''പുടപാകത്തിനനേകക്രമം ചൊല്ലുന്നുണ്ടവയിൽ
പ്പെട്ടും ഗജപുടം കൊണ്ടുള്ള വെപ്പാണിതിൽ''

എന്നിങ്ങനെ സിന്ദൂരങ്ങൾ നീററുന്നതിന്ന പറയപ്പെട്ടിട്ടുള്ള പലതരത്തിലുള്ള പല സമ്പ്രദായങ്ങളിൽ ഗജപുടമാണിവിടെ സ്വീകരിയ്ക്കപ്പെട്ടിട്ടുള്ളതെന്നും പറയുന്നു. അയസ്ക്കാന്തം, അഭ്രം, വങ്കം, ലോഹം, താമ്രം എന്നീ ധാതുക്കളും ഇവ അഞ്ചും കൂടിയും സ്ഫുടം ചെയ്യുന്നതിനും ഉപയോഗിയ്ക്കുന്നതിനുമുള്ള വിധികളാണു ഗ്രന്ഥത്തിൻെറ ഉള്ളടക്കം. ഓരോന്നിൻേറയും ശുദ്ധിക്രമം, പുടപാകവിധി, സേവാവിധി, അതുകൊണ്ടു ശമിയ്ക്കുന്ന രോഗങ്ങൾ എന്നിവ ലളിതമായി പറയപ്പെട്ടിട്ടുണ്ട്. പുടപാകരീതിയിൽ മാററം വരുത്തിയാൽ, ഗുണത്തിന്ന മാററം വരുമെന്നും, പ്രത്യേക രോഗങ്ങൾക്ക അധികം ഹിതമാകുമെന്നും പറഞ്ഞിരിയ്ക്കുന്നു. എങ്ങനെയെങ്കിലും സിന്ദൂരമാക്കിയാൽപ്പോര, വിധിച്ച പ്രകാരം പുട പാകം ചെയ്താലേ പ്രതീക്ഷിയ്ക്കുന്ന ഫലം കിട്ടുകയുള്ളുവെന്നൂഹിയ്ക്കാം. അഞ്ചു സിന്ദൂരങ്ങളും ചേർത്താൽ പഞ്ചസിന്ദൂരമായില്ല, അഞ്ചു ധാതുക്കളും ചേർത്തു വിധിച്ചപ്രകാരം പുടപാകം ചെയ്യുകതന്നെ വേണം. കാന്തസിന്ദൂരത്തെക്കുറിച്ച്

പറയുമ്പോഠം, "നൂനം നൂതനമല്ലിതെൻെറ കൃതിയല്ല വ്യാജ ദിവ്യൌഷധം" എന്നും, ആചാര്യോപദേശമന സരിച്ചാണീ വിധികളെന്നും, ഒന്നും തൻെറ പുതിയ പ്രത്യേകകണ്ടുപിടുത്തമല്ലെന്നുകൂടി പറയുന്നു.

സൂത്രസ്ഥാനാൎത്ഥസാരം സുവിമലമതിയിൽ
സൂക്ഷ്മമായ് സംഗ്രഹിച്ചും
മാത്രാകാലത്രിദോഷസ്ഥിതിയുടെ നിലയും
സാത്മ്യവും നല്ലവണ്ണം.
നേത്രത്താൽ കണ്ടറിഞ്ഞും കരമതിലമരും
പഞ്ചസിന്ദൂര രത്നം
സൂത്രം നോക്കി പ്രയോഗിച്ചിടുമളവിലവൻ
കേളി നീളെപ്പരക്കും.

ദോഷങ്ങളേയും അവസ്ഥകളേയും മററും കുറിച്ചു ചിന്തിയ്ക്കാതെ കേവലം ലക്ഷണങ്ങളെ വെച്ചുപയോഗിയ്ക്കാവുന്നതാണ് ഭസ്മവും സിന്ദൂരവുമെന്നു ഒരു ധാരണ വൈദ്യന്മാരുടെ ഇടയിൽ ഉണ്ടെന്നു തോന്നുന്നു. അതു പോരെന്നും സൂത്രസ്ഥാനത്തിൽ പറയപ്പെട്ടിട്ടുള്ള സാമാന്യങ്ങളായ നിർദ്ദേശങ്ങളെ ഉഠംക്കൊണ്ടും, ദൂഷ്യം ദേശം ബലം കാലമെന്നു തുടങ്ങിയവയെ നല്ലവണ്ണം പരീക്ഷിച്ചും വേണം സിന്ദൂരത്തിൻെറ ഉപയോഗമെന്ന മൂസ്സിൻെറ നിർദ്ദേശം ഏററവും ശ്രദ്ധേയമായി തോന്നുന്നു. ഹേതു വിപരീതം, വ്യാധി വിപരീതം, തദൎത്ഥകാരി എന്നിങ്ങനെ പറയപ്പെട്ടിട്ടുള്ള ചികിത്സാരീതികളിൽ . വ്യാധിവിപരീതത്തിൽപ്പെടുത്തി വേണം ഇത്തരം ഔഷധങ്ങളെ പ്രയോഗിയ്ക്കാനെന്നുപറയണം. ശുദ്ധിയിലും പുടപാകത്തിലും മററും വരുന്ന തകരാറു കൊണ്ടു വിശേഷിച്ചു വ്യാപത്തുണ്ടാക്കാമെന്നതു്, നിർവ്വിഷങ്ങളായ സസ്യൌഷധങ്ങളെ അപേ

ക്ഷിച്ച ഇവയ്ക്കുള്ള ശ്രദ്ധേയമായ വ്യത്യാസമാകുന്നു. (വിഷവീര്യമുള്ള സസ്യൗഷധങ്ങളെ ശുദ്ധിചെയ്തതന്നെ ഉപയോഗിയ്ക്കണം.) സസ്യങ്ങൾ അവയുടെ ഭ്രതഘടനാ സ്വഭാവം കൊണ്ടു ജന്തുക്കളുടെ പചനാഗിരണസ്വഭാവത്തി ന്നിണങ്ങിയതാകുന്നു. പുടപാകം അയസ്ക്കാന്താദികളെ കായാഗ്നിയിലും മററു അഗ്നികളിലും വേണ്ടവിധം പചി യ്ക്കപ്പെട്ടു ദേഹധാതുക്കളിൽ ലയിച്ചു ചേരത്തക്ക നിലയി ലാക്കുകയാണു ചെയ്യുന്നതു്. എങ്കിലും സിന്ദൂരങ്ങളേയും (ഭസ്മങ്ങളേയും) മാത്രയിലും ഔചിത്യത്തിലും ശ്രദ്ധിയ്ക്കാതെ ഉപയോഗിയ്ക്കുന്നതു് ആന്തരാവയവങ്ങൾക്കു ഹാനീകര മായി തീരാനിടയുണ്ടു്. ചികിത്സയെ ദൈവം മാനുഷം, അസുരം എന്നു മൂന്നു തരമായി വിഭജിച്ചിട്ടുണ്ടല്ലോ. ഭസ്മ സിന്ദൂരങ്ങളുടെ ഉപയോഗം ദൈവവും, സ്വരസചൂർണാദി കളുടെ ഉപയോഗം മാനുഷവും, ക്ഷാരാഗ്നി ശസ്ത്രപ്രയോഗം ആസുരവുമാണെന്നു പറയപ്പെട്ടിരിയ്ക്കുന്നു. മനുഷ്യശരീര ത്തിൽ നടക്കുന്ന പ്രക്രിയകൾക്കു സ്വാഭാവികമായി ഇണ ങ്ങുകകൊണ്ടു മാനുഷമായ ചികിത്സയാണു മനുഷ്യർക്കു സ്വാഭാവികമായി ഇണങ്ങുക എന്നു കരുതണം. എങ്കിലും ഔചിത്യത്തോടെ ശ്രദ്ധയോടെ മററു രണ്ടു സമ്പ്രദായ പ്രകാരമുള്ള ചികിത്സകളും സ്വീകാര്യങ്ങളാണെന്നതു കൊ ണ്ടാണല്ലോ അവയും വിധിയ്ക്കപ്പെട്ടിരിക്കുന്നതു്. എന്നു മാത്രമല്ല അവയിലും, നിർമ്മാണത്തിലും പ്രയോഗത്തിലും, മൂലികകളുടേയും മററും ഉപയോഗം ആവശ്യവുമാകുന്നു. സിന്ദൂരത്തിനു സദൃശമായിരിയ്ക്കുകകൊണ്ടു സിന്ദൂരമെന്നും ഭസ്മത്തിനു സദൃശമായിരിയ്ക്കയാൽ ഭസ്മമെന്നും പറയ പ്പെടുന്നു. അത്തരത്തിലുള്ള ഭേദത്തിനു കാരണം പ്രധാന മായി നിർമ്മാണ ക്രമത്തിലുള്ള വ്യത്യാസമാണെന്നു കരുതാം.

സിന്ദൂരമഞ്ജരിയിൽ അനുബന്ധമായി ഗന്ധകാദി ധാതുക്കളുടെ ശുദ്ധിക്രമത്തെക്കൂടി ചേർത്തിരിയ്ക്കുന്നു.

''ഗന്ധകം മുതലായുള്ള
സാധനങ്ങൾക്കശേഷവും
വീര്യമേറും വിഷം മൂല-
മെന്നു വൈദ്യപ്രസമ്മതം
ശുദ്ധിചെയ്യാതകത്തായാൽ
സിദ്ധിക്കൂടമസംശയം.
ശുദ്ധി ചെയ്തുപയോഗിച്ചാൽ
സിദ്ധിയ്ക്കും രോഗശാന്തിയും''

ഗന്ധകം, രസം, തുത്ത്, പൊൻകാരം, അഭ്രം, ഉരുക്ക്, താമ്രം, അയസ്കാന്തം, വെള്ളി, മനയോല, അരിതാരം, തുരിശ്, വെള്ളഗൌരീപാഷാണം, എലിപ്പാഷാണം, വത്സനാഭി, ഇരവി, ഗുൽഗുലു എന്നിവയുടെ ശുദ്ധിക്രമമാണ പറയപ്പെട്ടിട്ടുള്ളത്. ഈ വിഷയത്തിൽ ചില പക്ഷഭേദങ്ങളെല്ലാം ഉണ്ടെന്നു തോന്നുന്നു. ശുദ്ധി ചെയ്തു വേണമവയെ ഔഷധനിർമ്മാണത്തിനുപയോഗിയ്ക്കുന്നതിനു്.

ഉപസംഹാരമായി, സിന്ദൂരമഞ്ജരിയിൽ പറയപ്പെട്ട സമ്പ്രദായത്തിൽ സ്വർണ്ണവും വെള്ളിയും പവിഴവും മുത്തും മററും ശുദ്ധിചെയ്തു പുടപാകംകൊണ്ടു് സിന്ദൂരമുണ്ടാക്കാമെന്നു് സാമാന്യമായി പറയുന്നു. സിന്ദൂരം നിർമ്മാണക്രമംകൊണ്ടു് ക്ഷാരവർഗത്തിൽപ്പെട്ടമെന്നും ക്ഷാരമാകുമ്പോൾ മന്ദസ്നിഗ്ദ്ധഹിമാദിയാം ഗുണമെഴും വസ്തുക്കളും വിപരീതമായിവരുമെന്നും, അതുകൊണ്ടു സിന്ദൂരം കഫപ്രധാനമായ അവസ്ഥയിൽ വളരെ പ്രയോജനപ്പെട്ടമെന്നും പറയുന്നു.

"മലയ മലയിലെല്ലാം സാത്മ്യമായ്ത്തൈലമമ്ലം
തൊലിയില:ഫലംമൂലം കന്ദമിത്യാദിയല്ലോ
പലജനവുമിദാനീം മട്ടുമാററുന്ന മൂലം
ചില സമയമിതെല്ലാം നല്ലവണ്ണം ഫലിയ്ക്കും"

മലയമലയ്ക്കു ഇവിടെ മലയാളം (കേരളം) എന്നു താൽപര്യം. കേരളീയർക്കു എണ്ണയും പുളിയും തൊലിയും കായും വേരും കിഴങ്ങും വററുമാണു സാത്മ്യം, ശീലവും അതുകൊണ്ടു പഥ്യവും, എന്നിരിയ്ക്കിലും, ഓരോ തരത്തിൽ പരിഷ്കാരങ്ങൾ വരുന്നതുകൊണ്ടു (മട്ടു മാറുന്നതുമൂലം) കാലികമായ പരിഷ്കാരമായി സിന്ദൂരപ്രയോഗത്തെ കണക്കാക്കാമെന്നും ചിലപ്പോൾ സിന്ദൂരപ്രയോഗം നല്ല ഫലം നല്കുന്നുവെന്നുമുള്ള ഗ്രന്ഥകാരൻെറ അഭിപ്രായം തികച്ചും ശ്രദ്ധേയം തന്നെയാകുന്നു. ചികിത്സാരംഗത്തു കാലികമായ പരിഷ്ക്കാരങ്ങൾ ആവശ്യമായി വരുമെങ്കിലും ആയുർവേദസിദ്ധാന്തങ്ങളോടു പൊരുത്തപ്പെടുത്തുവാൻ കഴിയുന്നവയാകണം. പാശ്ചാത്യവൈദ്യൗഷധങ്ങളെ ആയുർവേദചികിത്സയിൽ കൂട്ടിക്കുഴയ്ക്കുന്നതിന് മൂസ്സ് അനുകൂലിയല്ല.

"പാലും നൈ പലഹാരവും പലലവും
പാൽ കട്ടിയും റൊട്ടിയും
പാലിൽ ചേർത്തൊരു ചായയും ദധിയുഴ-
ന്നിത്യാദി ശീലിയ്ക്കയാൽ
ഏറീടും ഫലമെന്നിരിയ്ക്കിലുമതി-
ന്നിപ്പോൾ പുറപ്പെട്ടൊരീ
യൂറോപ്യൻെറ വിഷം കലർന്നൊരു മരു-
ന്നെന്തിന്നു മോന്തുന്നു നാം."

ആചാര്യന്മാരെ സ്മരിച്ചുകൊണ്ടു മൂസ്സു ഗ്രന്ഥം സമാപിപ്പിയ്ക്കുന്നു.

"ആത്രേയനും പുനരഗസ്ത്യനുമത്രയല്ല
ഹാരീതനും ചരകനും ഗുരുനാഥനും മേ
ചൊൽകൊണ്ടവാഹാടസുവിശ്രുത സുശ്രുതാദി
പ്രാചീനവൈദ്യരുമെനിയ്ക്കവലംബമെന്നും.

ഗുരുപരമ്പരയിൽ സിദ്ധാചാര്യനായ അഗസ്ത്യനെ കൂടി ചേൎത്തു സിന്ദൂരമഞ്ജരിയെ സംബന്ധിച്ച ഉചിതം തന്നെയാകുന്നു."

സിന്ദൂരമഞ്ജരിയുടെ ഈ പതിപ്പിനു അവതാരിക യെഴുതുന്നതിനു നിയോഗിക്കപ്പെട്ടതു വലിയ ഒരു അംഗീ കാരമായി ഞാൻ കരുതുന്നു. പഴനെല്ലിപ്പുറത്തു തൈയ്ക്കാട്ടു മൂസ്സിൻേറയും, ആലത്തിയൂർ നമ്പിയുടേയും അഷ്ടവൈദ്യ പാരമ്പര്യങ്ങളെ സമന്വയിപ്പിച്ചുകൊണ്ട്, ശാസ്ത്രജ്ഞാനം കൊണ്ട് അഷ്ടവൈദ്യന്മാരിൽ അദ്വിതീയനായ ബ്രഹ്മശ്രീ നാരായണൻ മൂസ്സിൽ നിന്നു സാമ്പ്രദായികമായും വൈദ്യ രത്നം ആയുർവേദ കോളേജിൽ നിന്നു പരിഷ്കൃതമായും ശാസ്ത്രം അഭ്യസിയ്ക്കുന്ന, ഇല്ലത്തെ ഇളമുറക്കാരനായ വാസുദേവൻ, ഗ്രന്ഥകാരൻെറ പാരമ്പര്യം പുലൎത്തി സിന്ദൂരമഞ്ജരീക്രമമനുസരിച്ച് സിന്ദൂരങ്ങളെ നിൎമ്മിയ്ക്കു കയും ചികിത്സയിൽ പ്രയോജനപ്പെടുത്തുവാൻ ഉദ്യമി യ്ക്കുകയും ചെയ്യുമെന്നു് ഞാൻ പ്രതീക്ഷിയ്ക്കുന്നു. ഗ്രന്ഥ കാരനെക്കുറിച്ചുള്ള വിവരങ്ങൾ കഴിയുന്നത്ര ചേൎക്കണം എന്ന വിചാരം നിമിത്തം അല്പം ഒന്നുവിസ്തരിച്ചു പോയ ഈ അവതാരികയെ, എന്നും എന്നെ വാത്സല്യം കൊണ്ടു അനുഗ്രഹിച്ചിട്ടുള്ള ബ്രഹ്മശ്രീ പി. ടി. നാരായണൻ മൂസ്സ വൎകളുടെ പാദാരവിന്ദങ്ങളിൽ ഗുരുസ്മരണയോടെ സമൎ പ്പിച്ചുകൊള്ളുന്നു.

ചാലക്കുടി
1-3-94

വൈദ്യഭൂഷണം
രാഘവൻ തിരുമുൽപ്പാട്.

# സിന്ദൂരമഞ്ജരി

ഇത്ത്രൈലോക്യമശേഷവും പണിയുമെൻ
ബ്രഹ്മാവുമാത്മക്ഷനും
വൃത്രാരാതിയുമശ്വിനീതനയരും
മുക്കണ്ണനും കണ്ണനും
ആത്രേയാദ്യരുമത്രയല്ല വടിവിൽ
ശ്രീ വാഹടാചാര്യനും
ശാസ്ത്രജ്ഞൻ മമ വാസുദേവ ഗുരുവും
ചിത്തേ വസിച്ചീടണം

ചട്ടററീടുമൊരഷ്ടവൈദ്യമകുടീ
മാണിക്യമായ് മിന്നിടും
''കുട്ടഞ്ചേരി'' മഹീസുരൻ ഗുരുവരൻ
ശ്രീ വാസുദേവാഭിധൻ
വാർത്തും വൻകൃപയാം ജലം മയിസദാ
രക്ഷസ്സു ശിക്ഷാവളം
ചേർത്തും നട്ടൊരു വിദ്യയാം ലതയിതാ
പൂക്കുന്നു ചിക്കെന്നഹോ!

ചൊൽപൊങ്ങും കേരളത്തിൽ പുകഴിന
പഴനെല്ലിപ്പുറത്തെന്ന തയ്ക്കാ-
ട്ടുല്പന്നൻ വാസുദേവാഹ്വയനതി മതിമാൻ
പുഷ്ടിവന്നഷ്ടവൈദ്യൻ
തൽപുത്രൻ കർത്തൃകർമ്മക്രിയകളറിയുവാൻ
പോലുമപ്രാപ്തനാം ഞാൻ

തീർപ്പാൻ നോക്കുന്ന ബുക്കിൽ പെട്ടമൊരു
പിഴയെസ്സുജ്ജനം തീർത്തിടട്ടെ!

സിന്ദൂരമഞ്ജരിയിതിൽപെട്ടമൗഷധം നൽ—
സിന്ദൂരമൊട്ട കിടയായി വരുന്ന മൂലം
മന്ദേതരാശയ പുരാതന വൈദ്യവൃന്ദം
''സിന്ദൂര''മെന്നിഹ പറഞ്ഞു വരുന്നു പാരിൽ.

**അയസ്കാന്തസിന്ദൂരം**

ഗൌരീശങ്കരമേളനത്തിലുളവാ—
യുള്ളോരയസ്കാന്തമാം
സാരപ്പെട്ട മരുന്നിനുള്ളൊരു മഹാ
സത്തൊക്കെയും സത്യമായ്
ആരോഗ്യത്തിനു വേണ്ടി പണ്ടു ഗിരിശൻ
ഗന്ധർവദേവാദികൾ—
ക്കേറീട്ടം ദയയോട്ടകൂടി വിരവിൽ
കല്പിച്ചിതർപ്പിച്ചുപോൽ

അഗസ്ത്യർ മുതലായുള്ള
യോഗികൾക്കവരാദരാൽ
രോഗാപനോദനത്തിന്നായ്
ജഗത്ദ്രക്ഷണ കാംക്ഷയാ

ഉപദേശിക്കയാലേററം
കൃപാനിധികളായിട്ടം
താപസന്മാർ നമുക്കെല്ലാ—
മുപകാരത്തിനായ്‌വരും

പുടപാക പ്രയോഗത്താൽ
കാന്താഭ്രാദികൾ നീററിട്ടം

സമ്പ്രദായങ്ങൾ പലതും
    തീർത്തിട്ടുണ്ടതിൽ നിന്നു ഞാൻ

കേരളീയ ജനങ്ങൾക്കു—
    ണ്ടറിയാൻ വേണ്ടി സാദരം
സാരമായഞ്ചു സിന്ദൂരം
    പറയുന്നേൻ നിരാകുലം

പുടപാകക്രമം പാർത്താൽ
    പലതുണ്ടതിനൊക്കെയും
പേരും പലവിധം ചൊല്ലും
    പുടപാക പ്രമാണികൾ

കേടററീടിന വജ്രമൂഷയുമഹോ
    സത്തായിടും ദ്രാവകം
വാററും വാലുകയന്ത്രവും, ഗജപുടം
    ചക്രാഖ്യമാം യന്ത്രവും
ഡോളായന്ത്രവുമെന്നു തൊട്ടു പുടപാ—
    കത്തിന്നനേകക്രമം
ചൊല്ലുന്നുണ്ടവയിൽ പെടും ഗജപുടം
    കൊണ്ടുള്ള വെപ്പാണിതിൽ

**അയസ്കാന്ത ശുദ്ധിക്രമം**

കാന്തം നന്നായ്പൊടിച്ചാദ്യം
    കററുവാഴ പിഴിഞ്ഞതിൽ
ഒരു യാമമരക്കേണം
    പിന്നെ വെെലത്തുണക്കണം

കഞ്ഞുണ്ണി നീരിലും വേണം
    പിന്നെ രണ്ടാമതിങ്ങിനെ

മാറിമാറിയരച്ചിട്ട
വൈലത്തൻപൊട്ടണക്കിയും

എട്ടവട്ടം കഴിഞ്ഞീടിൽ
പൊടിച്ചിട്ടത്ത പിന്നെയും
ഞാവൽത്തൊലി രസം തന്നി—
ലിട്ട വൈലത്തു വെച്ചടൻ

വററിയാൽ പിന്നെയീവണ്ണം
ചെറുനാരങ്ങ നീരിലും
പുളിച്ച മോരിലും വേണ—
മെന്നാൽ കാന്തം വിശുദ്ധമായ്

ഞാവൽ തൊലിച്ചാറിന്ന വേണ്ടി വേറെ
ഞാറത്തൊലിച്ചാറുമെടുത്ത ചേർക്കാം
എന്നാലതും ദുർലഭമായി വന്നാൽ
കൊള്ളാം കിഴാർനെല്ലി പിഴിഞ്ഞ നീരും

## പുടപാകവിധി

കററുവാഴ രസം തന്നിൽ
ശുദ്ധ കാന്തമരച്ചടൻ
വടകാകൃതിയാക്കീട്ട—
ങ്ങൊരു ചട്ടിയിലാക്കണം

ശരിയായിട്ട മൂടുന്ന
വേറെയുള്ളൊരു ചട്ടിയാൽ
അടച്ച ശീലമണ്ണിട്ട
ചുററിക്കെട്ടീടണം ദൃഢം

ഒരു കോൽ ചതുരശ്രത്തി—
ലരക്കോലുയരം വരെ

വിറകും വർള്ളിയും കൂട്ടീ-
ട്ടവിടെച്ചുട്ടി വെച്ചുടൻ

തീയിട്ടുപിന്നെ മുകളിൽ
കൂട്ടണം ചാണവർള്ളിയും
വിറകും പിന്നെയുയരം
വിരൽ പന്ത്രണ്ടു പോരണം

ഇതുകത്തിയവിഞ്ഞിട്ടു
തീക്കെട്ടാലതെടുത്തിടാം
പൊടിച്ചു പിന്നെ കഞ്ഞുണ്ണി
നീരിലും വേണമിങ്ങിനെ

മാറി മാറിയുടനെട്ടു വട്ടമി--
ങ്ങേറെ ദൃഷ്ടിയൊടു കാന്തമീ വിധം
നീറിയാൽ നിറമതൊന്നു വേറെയായ്
മാറി മാതളസുമത്തൊടൊത്തിടും

**സേവാവിധി**

തേനിൽ ചേർത്തിതു വേണ്ട പോലെ പതിവായ്
പത്ഥ്യം പറഞ്ഞാലതി-
ന്യൂനത്വം കലരാതെ യാതൊരു മഹാ
രോഗാതുരൻ സാദരം
പാനം ചെയ്യുമവന്നെഴുന്ന നിഖിലാ-
തങ്കങ്ങളും നീങ്ങിടും
നൂനം നൂതനമല്ലിതെൻെറ കൃതിയ-
ല്ലവ്യാജദിവ്യൌഷധം

പിത്തമേറുന്ന സന്നിക്കും
ഗ്രഹണിയ്ക്കും പ്രമേഹിണാം

രാജയക്ഷ്മാവിനും പിന്നെ
ഏറുംകണ്ണാമയികൾക്കുമേ

വിസർപ്പത്തിന്നുമെന്നല്ല
സർപ്പത്തിൻെറ വിഷത്തിനും
തേനിൽ ചേർത്തുപയോഗിയ്ക്കാം
മാതംനാരങ്ങനീരതിൽ

സ്ത്രീകൾക്കസൃഗ്ദരം മാറാൻ
സേവിയ്ക്കാം ഗുഹ്യരോഗിണാം
അഭ്രസിന്ദൂരമോടൊത്തി–
ക്കാന്തസിന്ദൂരമാദരാൽ

ഒരു മാസം മുടങ്ങാതെ
വെണ്ണയിൽ ചേർത്തു രാവിലെ
സേവിച്ചാൽ ക്ഷയരോഗത്താൽ
ചാവതിങ്ങു പൊറുത്തിടാം

വെണ്ണയിൽ ചേർത്തു പത്ഥ്യത്തോ–
ടൊത്തു ശീലിയ്ക്കിലഞ്ജസാ
വേരററു പോകും മേഹങ്ങൾ
തീരെത്തീർത്തുരചെയ്യിടാം

കാന്തിയ്ക്കും കായകാർശ്യം കെടുവതിനു മനം–
ഗോത്സവാഡംബരത്തിൽ
ഭ്രാന്തിയ്ക്കും ഭ്രാന്തചിത്തത്തിനു മുദര കൃശാ–
നുനെഴും ന്യൂനതയ്ക്കും
നൊന്തീടും വാതരോഗത്തിനമൃത മതാ
യുള്ളൊരീ വീര്യമേറും
കാന്താഭ്രം ക്ലാന്തിവാന്തിക്കൃമിഗരളഹരം
രോഗമാതംഗ സിംഹം

## അഭ്രസിന്ദൂരം

അഭ്രം മൂന്നു വിധത്തിലുണ്ടവയിൽ വെ-
ച്ചൊന്നാന്തരം ശക്തമാ-
ണഭ്യാസാലതു വാതപിത്തകഫമെ-
ന്നുള്ളോരു ദോഷങ്ങളാൽ
ഉൽഭൂതാമയമൊക്കെയും പറപറ-
പ്പിയ്ക്കും കറുത്തഭ്രവും
ശുഭ്രാഭ്രം തരമൊന്നു താന്നവകയാ-
ണെന്നാലതും നല്ലതാം

## ശുദ്ധി പുടപാക വിധി

അഭ്രം നന്നനെച്ചീന്തി-
ക്കഴിയമ്മിയിലിട്ടുടൻ
കററുവാഴ രസം കൂട്ടി-
യരയ്ക്കുക നിരന്തരം

വെണ്ണയ്ക്കു സമമായ്ത്തീർന്നാൽ
പിന്നെ രണ്ടാമതായത്
ത്രിഫലാകഷായവും ചേർത്തു
നാലു യാമമരയ്ക്കണം

വൃത്താകൃതിയിലാക്കീട്ടു-
ങ്ങുരുട്ടിപ്പിന്നെ വെയ്ക്കണം
വെപ്പിൻെറ മുറ കാന്തത്തി-
ന്നൊപ്പമീയഭ്രവെപ്പിനും

കററുവാഴയുടെ നീരിൽ
പിന്നെയും പുടമിങ്ങിനെ

വെസ്സേണം മാറിമാറീട്ട-
ങ്ങെത്രയും ശ്രദ്ധ പൂണ്ടുടൻ
നാലാവൃത്തി കഴിഞ്ഞീടിൽ
ചുവന്ന നിറമായ്‌വരും.

**സേവാവിധി**

ജീരകം കരയാമ്പൂവും
ചീനത്തിപ്പലിയും സമം
വെക്കിപ്പൊടിച്ച പൊടിയിൽ
പാതിസിന്ദൂരമാദരാൽ
ചേർത്തു തേനിൽ കുഴച്ചീട്ടു
സേവിച്ചീടിൽ ക്ഷയം കെടും

ഏലത്തരിപ്പൊടിയിരട്ടിയെടുത്തു ചേർത്തി-
സ്സിന്ദൂരമേതൊരു പുമാനമിതാദരേണ
പത്ഥ്യത്തൊടൊത്തു നവനീത സമേതമായി
സേവിക്കുമായവനു മേഹമതില്ല പിന്നെ.

**വേറെയൊരു തരം**

നീററലിൻ രീതിയൊന്നല്പം
മാററിയാലീ മരുന്നഹോ
മററുള്ള ചില രോഗങ്ങൾ-
ക്കേററവും ഗുണമായ്‌വരും

പകുതിത്തുത്ത് ചേർത്തീട്ട-
ങ്ങഭ്രം പിന്നെയരയ്ക്കണം
കററുവാഴയുടെ നീരിൽ
അഞ്ചുയാമമനാരതം

പൊന്നങ്ങാണിയുടെ നീരി-
ലൊരു യാമം പുനസ്ഥഥാ
വെപ്പുകാടിയിലും പിന്നെ
ചെറുനാരങ്ങ നീരിലും

വെലത്തുണക്കണം നന്നായ്
ത്രിദിനം പിന്നെയും പുന:
വടകീകൃതപ കാന്തത്തിൻ
പുടപാകവിധിക്രമം

**സേവാവിധി**

നീറിപ്പത്തു പുടങ്ങളാൽ തുടുതുടുത്തുള്ളോരു
സിന്ദൂരമായ്
തീരും, പിന്നെ വിധിപ്രകാരമുപയോ-
ഗിച്ചാൽ വികാരങ്ങളെ
വേരോടമ്പൊട്ട വേർപ്പെട്ടുത്തിടുമുടൻ
മാസാർദ്ധമോ മാസമോ
പോരെങ്കിൽ പരമാവധിപ്രതിദിനം
സേവിച്ചിടാം മണ്ഡലം

കാമിലാ പാണ്ഡു ഹൃദ്രോഗ-
ജ്വരാതിസാരശോഷിണാം
യഥാദോഷം പ്രയോക്തവ്യം
മിശ്രിതം യേന കേന വാ

കൈകാൽ വിള്ളുന്നതിന്നും. വലിയൊരു വൃഷണം
വിങ്ങിടും വേദനയ്ക്കും
പാകം വന്നിട്ടു പൊട്ടുന്നൊരു വക പിടകാ-
പീഡിതന്മാർക്കുമേററം

തീ കത്തും പോലെ മെയ്യിൽപ്പെട്ടമൊരു ബഹുദാ_
ഹാത്തനാം മർത്ത്യനും ചെ_
റേറകാമീയഭ്രഭസ്മം പരിചിനൊടപചി_
പ്പുണ്ണിനും വെണ്ണ നെയ്യിൽ.

**പഞ്ചരത്നാഭ്രസിന്ദൂരം**

പഞ്ചരത്നമതെന്നുള്ള
സിന്ദൂരത്തിൽ കലത്തുവാൻ
അഭ്രസിന്ദൂരവും വേണ
മതിൻെറ മുറ ചൊല്ലിടാം

അഭ്രം നന്നനെച്ചീന്തി
വലം മൂന്നെങ്കിലായതിൽ
ചേക്കുവാൻ ഗന്ധകം പത്തു
കഴഞ്ചായിട്ടിരിയ്ക്കണം

കററുവാഴയുടെ നീരും
പുളിച്ച ദധിയും സമം
ചേത്തതിൽ ഗന്ധകാഭ്രത്തെ
പ്പേഷണം ചെയ്ത ശേഷമായ്

വെലത്തുണക്കണം പിന്നെ
നീററിടാം കാന്തമെന്ന പോൽ
ഇത്ഥം മൂന്നു പുടം വെച്ചാൽ
പഞ്ചരത്നത്തിലാദരാൽ

ചേർത്തു പിന്നെ പുടം വെപ്പാൻ
പോരുമീയഭ്രഭസ്മവും

### വങ്കസിന്ദൂരം

ഈയ്യം രണ്ടു വിധം കാണാ –
    മതിലൊന്നു വെളുത്തതാം
മറേറതു പിന്നെക്കാരീയ്യം
    ഗുണമുപ്പിൻെറയായ്‌വരും

ദീപനത്തിന്നു നന്നേററം
    കഫവാതാർത്തി തീർത്തിടും
തീക്ഷ്ണോഷ്ണമായോരിയ്യങ്ങ–
    ളീഷൽ പിത്തകരങ്ങളാം

### ശുദ്ധിക്രമം

പത്തിന്നു മുമ്മൂന്നു കഴഞ്ചു വീതം
    തുത്തും തഥാ ഗന്ധകവും പൊടിച്ച്‌
ചേർത്തീടണം വങ്കമുരുക്കിടുമ്പോ–
    ളല്പാല്പമായ്ത്തന്നമിളക്കിടേണം

എന്നാലീയ്യം പൊടിഞ്ഞേററം
    കറുത്ത നിറമായ്‌വരും
മുക്കാൽ കഴഞ്ച്‌ വീതം ക–
    ണ്ടപ്പോഴം ഗന്ധകവും തഥാ

തുത്തും പൊടിച്ചു ചേർത്തീട്ട–
    ങ്ങൊരു യാമം വിടാതുടൻ
തീക്കത്തിച്ചതു വാങ്ങുമ്പോ–
    ളീയ്യം ശുദ്ധമതായ്‌വരും

### പുടപാകവിധി

ജംബീര വാരിയിലരച്ചിതു നല്ലവണ്ണം
    മുമ്പിൽ പറഞ്ഞ പുടപാക വിധിപ്രകാരം

അഞ്ചാറുവട്ടമിഹ നീററിയെടുത്തിടുമ്പോഠം
ചെഞ്ചമ്പരുത്തി കുസുമത്തിനൊടുത്തു മിന്നും

**സേവാവിധി**

ഏലത്തരിപ്പരാഗത്തിൽ
കാസീസിന് ദ്ദ്രവും സമം
വെണ്ണയിൽ ചേർത്തു ശീലിച്ചാൽ
ശ്വിത്രത്തിന്നെത്രയും ശുഭം

നന്നു കേശച്യുതിക്കേററ-
മൊന്നും ചേർക്കാതെ വെണ്ണയിൽ
കഫകോപം നിലച്ചീടാൻ
കരയാമ്പൂവ്വുമേലവും

തഥാ തിപ്പലിയും കൂട്ടി-
പ്പൊടിച്ചിട്ടീയ്യഭസ്മവും
സമമായ് ചേർത്തുടൻ തേനിൽ
സേവിച്ചാൽ ഗുണമായ്‌വരും.

**ലോഹസിന്ദൂരം**

പിത്തശ്ലേഷ്മവികാരമാസകലവും
ദൂരീകരിച്ചീടുവാൻ
കീർത്തിപ്പെട്ടൊരു ലോഹഭസ്മമതിനോ-
ടൊപ്പം പറഞ്ഞീടുവാൻ
ഓർത്താലന്യപദാർത്ഥമില്ലതുനിമി-
ത്തം ഞാനിരിമ്പിന്നെഴും
സത്തായുള്ള ഗുണങ്ങളോതിയധുനാ
സിന്ദൂരമാക്കിത്തരാം

ഇരുമ്പ് രണ്ടുണ്ടതിലൊന്നു പാരം
    കറുത്തിരിയ്ക്കുന്നത് കാരിരുമ്പ്
ഉരുക്കു മറേറതിവ കയ്പു മൂലം
    ചേരുന്നതാത്തിക്ത ഗണത്തിലല്ലോ

കാരിരിമ്പിന്നു കയ്പുണ്ട്
    ചവർപ്പുണ്ടിതു ലേഖനം
മധുരം കണ്ണിനും കൊള്ളാം
    ശീതം വാതപ്രകോപനം

പാണ്ഡുകുഷ്ഠകൃമിഹരം
    ശോഷശോഫവിനാശനം
കഫപിത്തോത്ഥരോഗങ്ങൾ
    ക്കൊക്കെയും നല്ലതാണിത്
ഉരുക്കുമിതിനോടൊക്കു_
    മെങ്കിലും തീഷ്ണമാണത്

## ശുദ്ധിപുടപാകവിധി

രാവിപ്പൊടിക്കണമിരിമ്പ് തുരുമ്പ് കേറാ_
    താവുന്നവണ്ണമതു നാലു പലം തികഞ്ഞാൽ
നന്നായ്പ്പൊടിച്ചോരു പലം കുറയാതെ തുത്തും
    പിന്നീടു ചേർത്തു വിരവോടതിൽ വീഴ്ത്തി_
        ടേണം.

കററുവാഴ പിഴിഞ്ഞുള്ള
    നീരും ജംബീരവാരിയും
പിന്നെ വൈലത്തു വെക്കേണ_
    മൊന്നു നന്നായുണങ്ങണം

പിന്നെയും പിന്നെയും വേണം
　　മൂന്നു പ്രാവശ്യമിങ്ങിനെ
എന്നാൽ ചുകന്നു വന്നീടും
　　പിന്നെ വെയ്ക്കാം യഥാവിധി
കാന്തം വെച്ച വിധംതന്നെ
　　പുടപാകമിരുമ്പിനും

### സേവാവിധി

മുലപ്പാലിലുമെന്നല്ല
　　തേനിലും നെയ്യിലും തഥാ
ഇഞ്ചിനീരിലുമോരോരോ
　　കഷായാദി മരുന്നിലും
കടുത്രയം സമം ചേർത്തും
　　കൊടുക്കാം യുക്തിപോലിത്

ലോഹം ലോഹിത വർണ്ണമായ്‌വരുമഹോ
　　സ്വാഹാവര പ്രാഭവാൽ
ദേഹിയ്ക്കായതു കാലസാത്മ്യബലരോ-
　　ഗാവസ്ഥയേ പാർത്തുടൻ
ഊഹാപോഹമൊടൊത്തു ഹന്ത! ദഹന-
　　ത്തിന്നല്ല ദാഹത്തിനും
മോഹത്തിന്നുമഹർന്നിശം ഹിതമിദം
　　പാർത്താൽ പനിയ്ക്കും പരം.

### താമ്രസിന്ദൂരം

ചെമ്പിന്നുള്ള ഗുണങ്ങളൻപൊടു കഥി-
　　യ്ക്കുമ്പോളിതാണേററവും
മുമ്പിൽ ചൊന്നവയിൽ പ്രധാനതമമെ-
　　ന്നായിട്ടു തോന്നും പരം!

ജൃംഭിയ്ക്കുന്ന രഹസ്യമായ കഫപി—
    ത്താപത്തിലുഴംപ്പെട്ടെഴ–
ന്നമ്പുന്നോർക്കുടനമ്പരപ്പ് വിട്ടുവാൻ
    പീയൂഷമീയൗഷധം

കയ്പും ചവർപ്പും മധുരിപ്പുമുണ്ട–
    ങ്ങുഴംപക്തി വന്നാലെരിവായിരിയ്ക്കും
വ്രണം വരട്ടും കളയും കഫത്തെ–
    ത്തണുത്തിരിയ്ക്കും ലഘുചിത്തജിത്താം.

ചെമ്പൊമ്പതു പലം തട്ടി
    തകിടാക്കിപ്പരത്തണം
ത്രിപലം ഗന്ധകം പിന്നെ
    തുത്തും ജംബീര നീരതിൽ
അരച്ചു താമ്ര പത്രത്തിൽ
    തേച്ചു വെയിലത്തു വെയ്ക്കണം
രാവിപ്പൊടിയ്ക്കണം പിന്നെ–
    ച്ചെറുനാരങ്ങ വാരിയിൽ
അരച്ചു കാന്തസിന്ദൂരം
    വിധിപോലെ പുടക്രമം

## സേവാവിധി

ഈവണ്ണം പുടപാകമൻപൊടുമുദാ
    മൂന്നാലു തീർന്നീടുകിൽ
ഭാവം മാറിയ താമ്രഭസ്മമധികം
    താമ്രാഭമായ്‌വന്നിടും
സേവിക്കാമിതു തിപ്പലിപ്പൊടിയൊട–
    ങ്ങൊപ്പിച്ചു തേൻ ചേർത്തുടൻ
നോവിന്നിങ്ങിനെ തന്നെ ജീരകരജ–
    സ്സും ചേർത്തുഷസ്സിൽ തദാ

കുഷ്ഠപ്രമേഹ പിടകാർബ്ബുദരക്തപിത്ത
ദുഷ്ടവ്രണാപചി ഭഗന്ദരമെന്നിതെല്ലാം
പെട്ടെന്നു വിട്ടുപിരിയും യതിയായ് പ്രഭാതെ
മുട്ടാതെ തേനിലിതു ചേർത്തു കഴിച്ചിടുമ്പോൾ

**പഞ്ചരത്ന സിന്ദൂരം**

കാന്താഭ്രം വങ്കലോഹം തുടതുടെ വിലസും
താമ്രമീയഞ്ചു ഭസ്മം
ചന്തത്തിൽ തുല്യമായ് ചേർത്തുടനതു പുടപാ
കത്തിനാൽ നീററിടുമ്പോൾ
സന്ധ്യാഭ്രം പോലെ മിന്നും വിവിധതരമഹാ—
വ്യാധിയാലന്തരംഗം
വെന്തീടുന്നോർക്കു പാർത്താൽ പരമസുഖദമീ
പ്പഞ്ചരത്നാഖ്യഭസ്മം.

**പുടപാകവിധി**

ചെറുനാരങ്ങനീർ വീഴ്ത്തി-
യൊരുയാമമരയ്ക്കണം
പുടം വെച്ചീടണം പിന്നെ
ക്കാന്തം വെയ്ക്കുന്ന മാതിരി

രണ്ടാമതീവിധം തന്നെ
കഞ്ഞുണ്ണി സ്വരസത്തിലും
അരച്ചുവെയ്ക്കണം പിന്നെ
മാറി മാറിയിതിങ്ങിനെ

അഞ്ചു വട്ടം കഴിഞ്ഞീടിൽ
പഞ്ചരത്നം വിശേഷമായ്
വെണ്ണയിൽ ചേർത്തു സേവിച്ചാൽ
വണ്ണമുണ്ടായ്‌വരും പരം

**സേവാവിധി**

സ്ഥൂലന്മാർക്കിതു സേവിയ്ക്കാം
തൈലത്തിൽ ചേർത്തു നിത്യവും
അതിസാര ഗ്രഹണികരം-
ക്കിതു നെയ്യിൽ കഴിച്ചിടാം.

തലയിൽ പെട്ട രോഗങ്ങരം-
ക്കേലൊച്ചൂർണ്ണ സമന്വിതം
വെണ്ണയിൽ ചേർത്തു സേവിച്ചാൽ
ദണ്ഡമെല്ലാമകന്നിടും.

പൊടിച്ച കണയോടൊപ്പം
കൊട്ടക്കാം ചുമ നിർത്തുവാൻ
തേനിലെന്നല്ല വളരെ-
ഗ്ഗുണമുണ്ടിന്നി വേറെയും.

കണയും കരയാമ്പൂവും
ചൂർണ്ണയിതാ ച ജീരകം
മാക്ഷികേണ സമം ചേർത്തു-
യക്ഷ്മികരംക്കേകിടാം ദൃഢം.

പഞ്ചരത്നാഖ്യസിന്ദൂര-
മിഞ്ചി നീരിൽ കുഴച്ചുടൻ
അഞ്ചു നേരം കഴിച്ചീടി-
ലഞ്ചീടും ശൂലയൊക്കെയും.

ധാത്രീപരാഗവും ചേർത്തു
മാത്രയാ ഭ്രാന്തിനാദരാൽ
നവനീതമതിൽ ചേർത്തു
ശീലിയ്ക്കുക ഗുണപ്രദം

അപസ്മാരത്തിനിബ്ബസ്ഥ-
മുപകാരമതായ്‌വരാൻ
മരിച കപാഥമോടൊത്തു
പരിചിൽ പാനമിഷ്യതേ

ആവണക്കെണ്ണയിൽ ചേർത്തു
സേവിച്ചാൽ രക്തവാതവും
മുട്ടിൽ കെട്ടിക്കുടം പോലെ–
ക്കട്ടിയായ്‌വന്നു വിങ്ങിടും

നീരും നിശ്ശേഷമായ്‌ത്തീരും
നിസ്സംശയമുരച്ചിടാം
ഈവകക്കെല്ലാക്കെയ്യും തേർക്കാ–
മവണക്കെണ്ണ ചേർത്തഹോ

രക്താസ്ഥിസ്രാവമാണെങ്കിൽ
ഡാഡിമസ്വരസത്തിലോ
കദളീകുസുമം കുത്തി–
പ്പിഴിഞ്ഞുണ്ടായ നീരിലോ

നാളികേരാംബുവതിലോ
സേവിക്കാം യുക്തിയുക്തമായ്
പാലിൽ ചേർത്തുപയോഗിച്ചാൽ
ശുക്ലപുഷ്ടിക്കു നല്ലതാം

കാലുവിള്ളുന്നവർക്കെല്ലാ–
മവണക്കെണ്ണ ചേർത്തിത്
ശീലിക്കാം ലേപനം ചെയ്യാം
നെയ്യിൽ ചാലിച്ച ചാലവേ

പാണ്ടിന്നും കഷ്ഠരോഗിയ്ക്കു-
    മേലത്തരി പൊടിച്ചുടൻ
രസസിന്ദൂരസമമായ്
    വെണ്ണയിൽ ചേർത്തു നക്കിടാം

എണ്ണയും നെയ്യുമവണ-
    ക്കെണ്ണയും നാഴി വീതമായ്
കൂട്ടീട്ടൊരു പലം ചേർക്കാ-
    മേലത്തരി രജസ്സതിൽ

പലാർദ്ധം രത്നസിന്ദൂരം
    കൂട്ടിച്ചേർത്തീട്ടതാതപേ
വെച്ചു പിന്നീടെടുത്തിട്ടു
    തേച്ചാൽ പീനസനാശനം

കരിനൊച്ചി പിഴിഞ്ഞുള്ള
    നീരിൽ സിന്ദൂരകല്കമായ്
പാരാതെണ്ണ പചിച്ചേണം
    പാരം ചെകിടുകുത്തുകിൽ

സൂത്രസ്ഥാനാർത്ഥസാരം സുവിമലമതിയിൽ
    സൂക്ഷ്മമായ് സംഗ്രഹിച്ചും
മാത്രാകാലത്രിദോഷസ്ഥിതിയുടെ നിലയും
    സാത്മ്യവും നല്ലവണ്ണം
നേത്രത്താൽ കണ്ടറിഞ്ഞും കരമതിലമരും
    പഞ്ചസിന്ദൂരരത്നം
സൂത്രം നോക്കിപ്രയോഗിച്ചിടുമളവിലവൻ
    കേളി നീളെപ്പരക്കും.

# ഔഷധ ശുദ്ധിവിധി

എത്രയോ യോഗ്യരായുള്ളോ-
രാത്രേയാദി മുനീന്ദ്രരെ
അത്രയും കൈതൊഴുന്നേൻ ഞാ-
നിത്ര മാത്രമുരയ്ക്കുവാൻ

കരുണാമധു ചോർന്നീടും
ഗുരുനാഥപദാംബുജം
കരുതാതെ പുറപ്പെട്ടാൽ
കരപററില്ലൊരിക്കലും

അതുകൊണ്ടതിനെത്തന്നെ
സതതം ഭക്തിപൂണ്ടു ഞാൻ
മതിയിൽ ചിന്ത ചെയ്യുന്നേൻ
ഗതി മററില്ലെനിക്കിതിൽ

ഗന്ധകം മുതലായുള്ള
സാധനങ്ങൾക്കശേഷവും
വീര്യമേറും വിഷം മൂല-
മെന്നു വൈദ്യ പ്രസമ്മതം

ശുദ്ധിചെയ്യാതകത്തായാൽ
സിദ്ധിക്കുടമസംശയം
ശുദ്ധിചെയ്തുപയോഗിച്ചാൽ
സിദ്ധിക്കും രോഗശാന്തിയും

## ഗന്ധകശുദ്ധി

കഫവാതവികാരങ്ങൾ-
 ക്കൊക്കെയും ഗുണമേറിടും
ഗന്ധകം ശുദ്ധിചെയ്യേണ്ടും
 ക്രമമാദ്യം പറഞ്ഞിടാം

മൃത്തികാകലശം തന്നിൽ
 ക്ഷീരപ്രസ്ഥമൊഴിച്ചുടൻ
ശീലകൊണ്ടതുവായ്ക്കെട്ടി
 ഗന്ധകം പലസമ്മിതം

പൊടിച്ചാശീലയിൽ തന്നെ
 പരത്തിപ്പിന്നെ മൂടണം
പട്ടികൊണ്ടങ്ങതിൽ ചുററും
 ശീല്മണ്ണിട്ടു കെട്ടിയാൽ

മണ്ണുമാന്തിക്കുഴത്തോളം
 കുഴിയിൽ താഴ്ത്തിവെയ്ക്കണം
രണ്ടുയാമം മുഴുവനും
 കത്തണം തീയ്യുമീതെയായ്
എന്നാലുരുകി വീണീടും
 ഗന്ധകം പാലിലൊക്കെയും
എടുത്തു കഴുകിക്കൂട്ടാം
 പിന്നെയാവശ്യമുള്ളതിൽ
ആവത്തിച്ചാൽ ഗുണം കൂട-
 മീവണ്ണം പലവട്ടവും

**രസശുദ്ധി**

രസത്തിൻെറ ഗുണം ചൊൽവാ_
നസാദ്ധ്യം ശക്രനം പരം
ശുദ്ധിചെയ്യാതെകണ്ടായാൽ
ബുദ്ധിമുട്ടായ്‌വരും നൃണാം

ശുദ്ധി ചെയ്ത രസം നല്ല
സിദ്ധൌഷധമതായ്‌വരും
വിഷം, തീ, മലമെന്നേവം
മൂന്നു ദോഷങ്ങളുണ്ടിതിൽ

ക്രമത്താലിവ ദേഹിയ്ക്കു
മോഹദാഹ മൃതിപ്രദഃ
അങ്കോലത്തിൻ കഷായത്തി_
ലരച്ചാൽ തീർന്നിടും വിഷം

കൊട്ടവേലിക്കഷായത്തി_
ലരച്ചാൽ തീയ്യു തീർന്നുപോം
മൂന്നാമതുള്ള ദോഷത്തേ
ഗൃഹധൂമം കെടുത്തിടും

സപ്തകഞ്ചുകമെന്നുള്ള
ദോഷം നിസ്സാരമെങ്കിലും
കററുവാഴയുടെ നീരാ_
ലററുപോവില്ലസംശയം

വെററിലച്ചാററിലും വേണ_
മെന്ന പക്ഷാന്തരം പുനഃ
ഓരോരോ യാമമോരോരോ_
നീരും കൂട്ടിയരയ്ക്കണം

ഇത്രയായാൽ രസം പിന്നെ
മാത്രയ്ക്കൊപ്പിച്ചെടുത്തുടൻ
യത്രകുത്രാപി യോഗത്തിൽ
ചേർന്നാൽ ബഹുഫലപ്രദം

### തുത്ത് ശുദ്ധി

മൂഷികാരി പുരീഷത്തിൽ
തുത്ത് നന്നായ്പ്പൊതിഞ്ഞുടൻ
രണ്ടു യാമം തീയ്യിലിട്ടു
ചുട്ടു വാങ്ങിയെടുത്തത്
പൊന്നങ്ങാണി രസം തന്നിൽ
വേവിയ്ക്കുക വിശുദ്ധിയാം

### പൊൻകാരം ശുദ്ധി

പൊൻകാരമിന്തുപ്പ് കലക്കിയുള്ള
വെള്ളത്തിൽ മുട്ടാതൊരു നാരുകൊണ്ട്
കെട്ടീട്ടു തൂക്കീടുക വായകെട്ടി
ക്കത്തിയ്ക്കണം തീയ്യൊരു രണ്ടു യാമം

ഞാലിയന്ത്രമിതുകൊണ്ട് പിന്നെയും
ശുദ്ധിയുണ്ട് പല സാധനത്തിനും
ആവകസ്ഥലമതിങ്കലോതിടും
ഞാലിയന്ത്ര പരശുദ്ധിയെന്നു പേർ

### അഭ്രം ശുദ്ധി

അഭ്രം ശുദ്ധി വരുത്തീടാ-
നേഴവട്ടം വറുക്കണം

### ഉരുക്ക് ശുദ്ധി

ഉരുക്കിലയിലിട്ടാദ്യം
പഴപ്പിച്ചത്തു മോരിലും
നല്ലെണ്ണയിലുമെന്നല്ല
ഗോമൂത്രത്തിലുമാദരാൽ
അരിക്കാടിയിലും മുക്കി
രാവിപ്പിന്നെപ്പൊടിച്ചുടൻ
ഞാവൽത്തൊലി രസം തന്നി-
ലരച്ചിട്ടത്തുണക്കണം
നവായസാദിയിൽ ചേർപ്പാൻ
ശുദ്ധിവന്നോരിരിമ്പിത്

### താമ്രം ശുദ്ധി

ചെമ്പാദ്യം തകിടാക്കീട്ട
തിന്ത്രിണീദള വാരിയിൽ
ഇരുപത്തൊന്നു ദിവസ-
മിട്ടു വെച്ചിട്ടെടുത്തുടൻ
കാച്ചി മുക്കീടണം പിന്നെ—
പ്പുളിതന്നിലനീരിലും
കാററുവാഴ പിഴിഞ്ഞുള്ള
നീരിലും ശുദ്ധമായ്‌വരാൻ
ഇരുപത്തൊന്നു തവണ
വേണമോരോന്നിലിങ്ങിനെ

### അയസ്കാന്തം ശുദ്ധി

അയസ്കാന്തം കോവയില
നീരിലാദ്യം പുനസ്തഥാ
ഗോമൂത്രത്തിലുമേഴേഴ-
വട്ടം കാച്ചിനനയ്ക്കണം.

**വെള്ളി ശുദ്ധി**

കലത്ഥകവാഥമതിലും
തണ്ഡുലാംഭസ്സിലും തഥാ
ഉണ്ടാക്കി വീഴ്ത്തണം വെള്ളി—
യേഴവട്ടം പൃഥക് പൃഥക്

**മനയോല–അരിതാരം**

മനയോലയുമരിതാലവുമൊരുപോലിഹ ശുചിയായ്
വരുവാനൊരു വഴിയാണതു പറയാമിനി ശരിയായ്
പകലങ്ങിടമുറിയാതിവ വിപചിസ്സണമതിനായ്
പറയാം പല ഫലമേറിയ ചില നീരുകളധുനാ

ചുണ്ണാമ്പുനീരും, ഗോമൂത്രം,
കൂശ്മാണ്ഡസ്വരസവും തഥാ
കന്യകാസ്വരസം എന്നീ
നാലിലും വേറെ വേവണം

**തുരിശ് ശുദ്ധി**

വേവിസ്സണം തുരിശ് ശുദ്ധി വരുത്തുവാനായ്
ഗോവിൻെറ മൂത്രമതിലിങ്ങിനെയേഴവട്ടം
ചുണ്ണാമ്പിലമ്പൊടു പൊതിഞ്ഞതു തീയ്യിലിട്ടു
യാമദ്വയം ചുടുക പിന്നെയെടുത്തു വെസ്സാം
തുരിശിന്നിനി വേറിട്ടു ചെറുനാരങ്ങ നീരിലും
കയ്പുനിര്യാസമതിലും വേണമെന്നോതിടും ചിലർ

**വെള്ള-ഗൌരീപാഷാണം ശുദ്ധി**

വെള്ളപ്പാഷാണവും പിന്നെ
ഗൗരീപാഷാണവും തഥാ

ജംബീരസ്വരസം തന്നിൽ
പിന്നെച്ചുണ്ണാമ്പു നീരിലും
കുമ്പളങ്ങ പിഴിഞ്ഞുള്ള
നീരിലും താൻ യഥാക്രമം
ഈരണ്ടുയാമം വേവിച്ചാൽ
കേടതീർന്നുള്ള ശുദ്ധിയായ്
മദ്യത്തിലും വേണമെന്ന
പക്ഷാന്തരമതുണ്ടതിൽ

**എലിപ്പാഷാണം ശുദ്ധി**

മൂഷികപാഷാണത്തിൻ ദോഷമശേഷം
കെടുത്തുവാൻ വേണ്ടി
കയ്യയില നീരിലാദ്യം പിന്നെ
ഗ്ഗോമൂത്രമൊടു ചേർത്തിട്ടും
മൂന്നാമതുമിതുപോലെ കുശ്മാണ്ഡത്തിൻ
രസത്തിലും ചേർത്തി_
ട്ടീരണ്ടുയാമനേരം വേവിയ്ക്കേണം
യഥാക്രമം വൈദ്യൻ

**മാക്കീരക്കല്ല് ശുദ്ധി**

മാക്കീരക്കല്ല് നന്നാവാ_
നാട്ടിൻ മൂത്രത്തിലാദരാൽ
ഞാലിയന്ത്രവിധാനത്താൽ
സമ്മതം ഭിഷജാമിഹ

**വത്സനാഭി ശുദ്ധി**

ഗോമൂത്രത്തിൽ പുഴങ്ങേണം
രണ്ടു യാമം തികച്ചഹോ

വത്സനാഭിയ്ക്കുഴം ദോഷ–
മെന്നാലെല്ലാം ശമിച്ചിടും

**ഇരിവി**

ഇരിവിയെന്ന മരുന്നിനെഴുന്നൊരാ–
പ്പെരിയദോഷമശേഷമകന്നിടാൻ
സുരഭി തന്നുടെ പാലു പകർന്നതിൽ
പരിചിലേഴര നാഴിക വേവണം

**ഗുൽഗുലു**

വേപ്പിൻെറയിലയും പിന്നെ–
പ്പച്ചമഞ്ഞളുമെന്നിവ
ചതച്ചിട്ടു തിളപ്പിച്ച
വെള്ളത്തിൽ പിന്നെ ഗുൽഗുലു
താലിയന്ത്രവിധാനത്താൽ
രണ്ടു യാമ മനാരതം
വേവിച്ചതു വറുക്കേണം
നെയ്യിലെണ്ണയിലെങ്കിലും
ഗുളികാദികളിൽ ചേർപ്പാൻ
കൊള്ളാമീവക ശുദ്ധിയാൽ
ഗന്ധകാദികളാം സിന്ദൂര–
മാക്കുവാൻ വേറെ നോക്കണം

**സമാപ്തി**

പൊന്നും വെള്ളിയുമെന്നു വേണ്ട പവിഴം
മുത്തും തഥാ ശൃംഗവും
പിന്നെസ്സൈന്ധവഗന്ധകാഞ്ജനരസം
തുത്തും പുനഃ കമ്പദം
മിന്നും ഗൈരികശാഖതാലമനയോ–
ലാന്നപ്രഭേദ്യോദിയും

നന്നായ് ശ്രദ്ധിവരുത്തി നീററിയിതുപോൽ
സിന്ദൂരമുണ്ടാക്കിടാം

സിന്ദൂരങ്ങളനേകമിത്ഥമധുനാ
നീററുന്നു നാനാജനം
സന്ദേഹിസ്സുരുതായതാസകലവും
ക്ഷാരത്തിലുംപ്പെട്ടിടും
മന്ദസ്സിഗ്ദ്ധഹിമാദിയാം ഗ്ഗുണഗണം
ചേരുന്ന വസ്തുക്കളും
വന്നീടും വിപരീതമായതുവശാൽ
ശ്ലേഷ്മാവിനത്യുത്തമം

മലയമലയിലെല്ലാം സാത്മ്യമായ് തൈലമല്ലം
തൊലിയിലഫലമൂലം കന്ദമിത്യാദിയല്ലോ
പലജനവുമിദാനീം മട്ടുമാററുന്ന മൂലം
ചില സമയമിതെല്ലാം നല്ലവണ്ണം ഫലിക്കും.

പാലുംനൈപലഹാരവും പലലവും
പാൽക്കട്ടിയും റൊട്ടിയും
പാലിൽ ചേർത്തൊരു ചായയും ദധിയുഴ–
ന്നിത്യാദി ശീലിക്കയാൽ
ഏറീടും ഫലമെന്നിരിക്കില്ല, മതി–
ന്നിപ്പോഴും പുറപ്പെട്ടൊരീ
യൂറോപ്യൻെറ വിഷം കലന്നൊരു മരു–
ന്നെന്തിന്നു മോന്തുന്നു നാം.

ആത്രേയനും പുനരഗസ്ത്യനുമത്രയല്ല
ഹാരീതനും ചരകനും ഗ്ഗുരുനാഥനും മേ
ചൊൽ കൊണ്ട വാഹടസുവിശ്രുത സുശ്രുതാദി–
പ്രാചീനവൈദ്യരുമെനിക്കവലംബമെന്നും.

○

# പുഷ്പബാണവിലാസം

1. സുത്രാമാദി സുരാർച്ചിതാംഘ്രി കമലം
കാരുണ്യരത്നാകരം
മിത്രം വക്ത്രസരോരുഹാന്നത നൃണാം
ദോഷാകരം ദ്വേഷിണാം
നേത്രാനന്ദകരം ശ്രിയസ്സകലലോ—
കേശം സരോജേക്ഷണം
മിത്രാനന്ദപുരേശ്വരം കഠിനരോ-
ഗാർത്തി പ്രശാന്ത്യൈ ഭജേ

2. ശ്രീമൽഗോപവധൂസ്വയംഗ്രഹ പരി-
ഷ്വംഗേഷ്വതുംഗസ്തന—
വ്യാമർദ്ദാൽ ഗളിതേപി ചന്ദനരജ-
സ്യംഗേ വഹൻസൌരഭം
കശ്ചിൽജ്ജാഗരജാതരാഗ നയന-
ദ്വന്ദ്വഃപ്രഭാതശ്രിയം
ബിഭ്രൽ കാമപി വേണുനാദ രസികോ
ജാരാഗ്രണീഃപാതുവഃ

3. കാന്തേ ദൃഷ്ടിപഥം ഗതേ നയനയോ-
രാസീദ്വികാസോ മഹാൻ
പ്രാപ്തേ നിർജ്ജനമാലയം പുളകിതാ
ജാതാ തനുസ്സുഭ്രുവഃ
വക്ഷോജഗ്രഹണോത്സുകേ സമഭവൽ
സർവ്വാംഗ കമ്പോദയഃ

കണ്ടാലിംഗന തൽപ്പരേ വിഗളിതാ
നീവീദ്ദഢാപിസ്വയം.

4. മാം ദൂരാദരവിന്ദ സുന്ദരഭരേ—
സ്മേരാനനാ സമ്പ്രതി
ഭ്രാഗുത്തുംഗ ഘനസ്തനാങ്കണ ഗള
ച്ചാത്രുത്തരീയാഞ്ചലാ
പ്രത്യാസന്നജന പ്രതാരണപരാ
പാണിം പ്രസാര്യാന്തികേ
നേത്രാന്തസ്യ ചിരം കുരംഗനയനാ
സാകൂതമാലോകതേ

5. നീരന്ധ്രമേത ഭവലോകയ മാധവീനാം
മദ്ധ്യേ നികുഞ്ജസദനം ച്യുതപുഷ്പകീർണ്ണം
കുര്യുര്യദീഹ മണിനാതി വിലാസവത്യോ
ബോദ്ധും ന ശക്യമബലേ നിനദൈ:
പികാനാം.

6. ദഷ്ടം ബിംബധിയാ/ധരാഗ്രമരുണം
പര്യാകുലോ ധാവനാൽ
ധമ്മില്ലസ്തിലകം ശ്രമാംബു ഗളിതം
ഛരിന്നാതനു; കണ്ടകൈ:
ആകണ്ണ്ജ്വരകാരി കങ്കണ ഝണൽ–
കാരം കരൗ ധുന്വതീ
കിംഭ്രാമ്യസ്യടവീശുകായ കുസുമാ–
ന്യേഷാനനാന്ദാഗ്രഹീൽ

7. ബിഭ്രാണാ കരപല്ലവേന കബരീ—
മേകേന പര്യാകുലാ–
മന്യേന സ്തനമണ്ഡലേ നി ദധതീ
സ്രസ്തം ദുകൂലാഞ്ചലം

ഏഷാ ചന്ദനലേശലാഞ്ചിത തനുഃ
താംബൂല രക്താധരാ
നിര്യാതി പ്രിയമന്ദിരാദ്രതിപതേഃ
സാക്ഷാൽ ജയശ്രീരിവ

8. കാന്തോ യാസ്യതി ദൂരദേശമിതി മേ
ചിന്താ പരം ജായതേ
ലോകാനന്ദ കരോ ഹി ചന്ദ്രവദനേ
വൈരായതേ ചന്ദ്രമാഃ
കിഞ്ചായം വിതനോതി കോകില കലാ_
ലാപോ വിലാപോദയം
പ്രാണാനേവ ഹരന്തി ഹന്ത നിതരാ_
മാരാമ മന്ദാനിലാഃ

9. നവ കിസലയതല്പം കല്പിതം താപശാന്ത്യൈ
കരസരസിജ സംഗാൽ കേവലം മ്ലാപയന്ത്യഃ
കുസുമശര കൃശാനു പ്രാപിതാംഗാരതായാഃ
ശിവ! ശിവ! പരിതാപം കോ വദേൽ
കോമ_ളാംഗ്യാഃ

10. ശേതേശീതകരോംബുജേ കരലയ
ദ്വന്ദ്വാദ്വിനിർഗച്ഛതി
സ്വച്ഛം മൌക്തിക സംഹതിർധവളിതം
ഹൈമീം ലതാ മഞ്ചതി
സ്പർശാൽ പങ്കജകോശയോരഭിനവാഃ
യാന്തിസ്രജഃ ക്ലാന്തതാ_
മേഷോൽപ്പന്നതരം പരാ മമ സഖേ
യാത്രാ സ്പൃഹാം കൃന്ദതി

11. ദൂതീദം നയനോല്പലദ്വയമഹോ
താന്തം നിതാന്തം തവ

സ്വേദാംഭഃ കണികാ ലലാട ഫലകേ
മുക്താ ശ്രിയം ബിഭ്രതി
നിശ്വാസാഃ പ്രചുരീ ഭവന്തി നിതരാം
ഹാ ഹന്ത ചന്ദ്രാതപേ
യാതാ യാതവശാൽ വൃഥാ മമ കൃതേ
ശാന്താസി കാന്താ കൃതേ

12. അധിവസതി വസന്തേമർത്ത്യകാമാദരന്തേ
നവകിസലയതല്പം പുഞ്ജിതാംഗാരകല്പം
വിരഹമസഹമാനാ ചക്രവാകീ സമാനാ
ചകിത വനകുരംഗീലോചനാ കോമളാംഗീ

13. നൈഷ്ഠുര്യം കളകണ്ഠകോമള ഗിരാം
പൂർണ്ണസ്യ ശീതദ്യുതേഃ
സ്നിഗ്ദ്ധത്വം ബതദക്ഷിണസ്യ മരുതോ
ദാക്ഷിണ്യഹാനിശ്ച താം
സ്വർത്ഥവ്യാകൃതിമേവ കർത്തുമബലാം
സന്നാഹമാതന്വതേ
തഡിഘ്നഃ ക്രിയതേ തൃണാദി ചലനോ-
ത്ഭൂതൈസ്ത്വ ദാപ്തി ഭ്രമൈഃ

14. സാസ്രേ മാകുരു ലോചനേ വിഗളിത
ന്യസ്തം ശലാകാഞ്ജനം
തീവ്രം നിശ്വസിതം നിവർത്തയത വാ-
സ്താമ്യന്തി കണ്ഠസ്രജഃ
തൽപ്ലേമാല്യം കോമളാംഗി തനുതാം
ഹന്താംഗരാഗോഷ്ണുതേ
നാതീതോ ദയിതോപയാനസമയോ
മാസ്ത്വന്യഥാ മന്യഥാഃ

15. കാചിൽ സാർവജനീന വിഭ്രമപരാ
മദ്ധ്യേ സഖീമണ്ഡലം
ലോലാക്ഷീഭ്രുവസംജ്ഞയാ വിദധതീ
ദൂത്യാ സഹാഭാഷണം
അക്ഷ്ണോ രജ്ഞന മജ്ഞസാ ശശിമുഖീ
വിന്യസ്യ വക്ഷോജയോ
സ്ഥൂലം ഭാവുകയോ സ്ഥിതം മണിസരം
ചേലാഞ്ചലേനപ്യധാൽ

16. ജിഘ്രത്യാനനമിന്ദുകാന്തമധരം
ബിംബപ്രഭം ചുംബതീ
സ്പ്രഷ്ടും വാഞ്ഛതി ചാരു പത്മമുകുള
ഛായാവിശേഷസ്തനൌ
ലക്ഷ്മീ: കോകനദസ്യ ഖേലതി കരാ—
വാലംബ്യ കിംഞ്ചാദരാ–
ദ്ഭേതസ്യാഃ സുദൃശഃ കരോതി പദയോ–
സ്സേവാം പ്രവാളദ്യുതിഃ

17. ദൂതി ത്വയാകൃതമഹോ നിഖിലം മദുക്തം
ന ത്വാദൃശീ പരഹിത പ്രവണാസ്തി ലോകേ
ശ്രാന്താസി ഹന്ത മൃദുളാംഗി ഗതാമദർത്ഥം
സിദ്ധ്യന്തി കുത്ര സുകൃതാനി വിനാ ശ്രമേണ

18. ന ബരീഭരീതി കബരീഭരേ സ്രജോ:
ന ചരീകരോതി മൃഗനാഭിചിത്രകം
വിജരീഹരീതി ന പുരേവ മൽപുരോ
വിപരീവരീതി ന ച വിപ്രിയം പ്രിയാഃ

19. ഗൂഢാലിംഗന ഗണ്ഡചുംബന കുച
സ്പർശാദി ലീലാചിതം

സർവ്വം വിസ്മിതമേവ വിസ്തൃതവനോ
ബാലേവലേഭ്യോ ഭയാൽ
സല്ലാപോസ്ത്വധുനാ സുദർഘടതമ
സ്തത്രാപി നാതിവ്യഥാ
തത്ത്വദ്ദർശനമപ്യഭ്രദസുലഭം
തേനൈവ ദ്ദയേദ്ദശം

20. യാ ചന്ദ്രസ്യ കളങ്കിനോ ജനയതി
രസ്വരാനനേന ത്രപാം
വാചാമന്ദിര കീരസുന്ദര ഗിരോ
യാ സർവ്വദാ നിന്ദിതാ
നിശ്വാസേന തിരസ്കരോതി കമലാ
മോദാനവിതാൻ മാരുതാൻ
സാ തൈരേവ രഹസ്ത്വയാ വിരഹിതാ
കാഞ്ചിദ്ദശാം നീയതേ

21. തന്വീസാ യദി ഗായതി ശ്രുതി കടുർ
വീണാധ്വനിർ ജായതേ
യദ്യാവിഷ്കുരുതേ സ്മിതാനിമയി നൈ
വാലക്ഷ്യതേ ചന്ദ്രികാ
ആസ്യേ മ്ലാനമിവോൽപ്പലം നവമപി
സ്യാച്ചേൽ പുരോ നേത്രയോഃ
തസ്യാ ശ്രീരവലോക്യതേ യതി തഡി
ദ്വല്ലീവിവല്ലേവസാ.

O

ലളിതമായ മലയാളത്തിൽ ശ്ലോകങ്ങളായി ദുർഗ്രഹങ്ങളായ ആയുർവേദവിഷയങ്ങളെ പ്രതിപാദിയ്ക്കുന്ന ഒരു ഗ്രന്ഥമാണ് സിന്ദൂരമഞ്ജരി. സസ്യൗഷധങ്ങൾ ദുർലഭമായ ഇക്കാലത്ത് രസൗഷധ നിർമ്മാണചികിത്സകൾ കൂടുതൽ അംഗീകരിയ്ക്കപ്പെട്ടുവരികയാണ്. പ്രായോഗികമായി ഫലസിദ്ധി ഉറപ്പുവരുത്തിയ ആറു സിന്ദൂരങ്ങളും പത്തൊമ്പതു ശുദ്ധിക്രമങ്ങളും അടങ്ങുന്നതാണ് ഈ ഗ്രന്ഥം.